# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P11/ 1548 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 16/10/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P11/ 1548 /2023 തീയ്യതി: 16/10/2023

## കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽകുമാർ. എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2023 | 17-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-08-2023 | 17-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നവീൻചന്ദ്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സിന്ധു. റ്റി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി. ജി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ജൂഡിറ്റ് വർഗീസ്. എൻ, സീനി. ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ദിവ്യ.ജയകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാബുരാജ്.എ | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ബെന്നി മൈക്കിൾ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.രാജേന്ദ്രൻ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.നിദീഷ്ദേവ് | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.അജിതാ.എം.ജി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ.ജുനു | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 26-04-2022 |
| ശ്രീ.ഹരികൃഷ്ണൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 27-04-2022 | 31-03-2023 |
| ശ്രീമതി.സരിതാ കൊലാരിത്ത് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.സൂസൺ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.സാൺടീയാ വാഷിംഗ്ടൺ | വെറ്റിനറി സർജൻ | 01-04-2022 | 31-12-2022 |
| ശ്രീമതി.ബിന്ദു.ആർ | വെറ്റിനറി സർജൻ | 01-01-2023 | 31-03-2023 |
| ശ്രീമതി.അഞ്ജന | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അജയകുമാർ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.നിത്യ നാഥ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സംഗീത.എസ് | ഓവർസിയർ(എം.ജി.എൻ.ആർ.ഇ.ജി.എസ്) | 01-04-2022 | 31-03-2023 |
| ശ്രീ. വിഷ്ണു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 25-06-2022 |
| ശ്രീ. സുകേശൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 26-06-2022 | 31-03-2023 |
| ശ്രീമതി. ഷിഹാന ഷിഹാബ് | അക്രഡിറ്റഡ് എഞ്ചിനീയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) | 01-04-2022 | 31-03-2023 |
| ശ്രീമതി.രാജലക്ഷ്മി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 29-12-2022 |
| ശ്രീമതി.നിഷ എലിസബത്ത് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 30-12-2022 | 05-02-2023 |
| ശ്രീ.സുഭാഷ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 06-02-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നിലൽ | 1-1-4 |
| 6 | 'ട്രഷറിപേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല | 1-1-5 |
| 7 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകയും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്ത തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതിഅവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | മാട്ടിറച്ചിലേലം-കരാർ വക്കുന്നതിലും ജി.എസ്.ടി അടവാക്കുന്നതിലും വീഴ്ചവരുത്തി | 1-11 |
| 19 | നികുതി - നികുതിയേതര വരുമാനം - ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ | 1-12 |
| 20 | സ്ഥാപനനികുതി, തൊഴിൽനികുതി എന്നിവ ഈടാക്കിയില്ല | 1-13 |
| 21 | മരുന്നുകൾ ലഭ്യമായില്ല | 1-14 |
| 22 | കന്നുകുട്ടിപരിപാലന പദ്ധതി - പദ്ധതിപ്പണം പൂർണ്ണമായും വിനിയോഗിച്ചില്ല. | 1-15 |
| 23 | ആട് വളർത്തൽ പദ്ധതി - മുൻവർഷത്തെ തുക നൽകാൻ ക്രമവിരുദ്ധമായി പുതിയ പദ്ധതി ആവിഷ്കരിച്ചു. | 1-16 |
| 24 | സിഡ്കോയിൽ നിന്നുള്ള വാങ്ങലുകൾ -സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-17 |
| 25 | ജനകീയ ഹോട്ടൽ അടിസ്ഥാന സൗകര്യം - സർക്കാർ ഉത്തരവിന് വിരുദ്ധമായി | 1-18 |

| | | |
|---|---|---|
| | ചെലവ് ചെയ്തു | |
| 26 | സിഡ്കോയിൽ നിന്നുള്ള വാങ്ങലുകൾ - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ. | 1-19 |
| 27 | വെള്ളക്കരം കുടിശ്ശിക-അധികമായി തുക ഡിമാന്റ് ചെയ്യുന്നു. | 1-20 |
| 28 | ഭൌമവിവര പഞ്ചായത്ത് പദ്ധതി - ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിച്ചില്ല. | 1-21 |
| 29 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 1270000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 30 | കുഴൽ കിണർ നിർമ്മാണം- പാതി വഴിയിൽ ഉപേക്ഷിച്ചു | 1-23 |
| 31 | ഇടം പാർക്കിലേയ്ക്ക് കളി ഉപകരണങ്ങൾ വാങ്ങൽ - Metal Duck Spring Rider സ്ഥാപിച്ചില്ല. | 1-24 |
| 32 | അനുപൂരക പോഷകാഹാര പദ്ധതി - കയറ്റിറക്കുകൂലി അധികം നൽകി | 1-25 |
| 33 | ലൈഫ് മിഷൻ ഭവനനിർമ്മാണം - പണി പൂർത്തിയാക്കിയില്ല. | 1-26 |
| 34 | വിവിധ ടോയ് ലെറ്റ് പദ്ധതികൾ - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയില്ല | 1-27 |
| 35 | വീട് വാസയോഗ്യമാക്കൽ പണി പൂർത്തിയാക്കിയില്ല | 1-28 |
| 36 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 6,65,563 /- രൂപയുടെ മരുന്നുകൾ ലഭിച്ചില്ല. | 1-29 |
| 37 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല | 1-30 |
| 38 | വൃദ്ധർക്ക് കണ്ണട - നടപ്പിലാക്കാൻ അനുവാദമില്ലാത്ത പദ്ധതി നടപ്പിലാക്കി. | 1-31 |
| 39 | മഴക്കാല പൂർവ്വ ശുചീകരണം - പൂർണ്ണമായും ചെലവ് രേഖ ഹാജരാക്കിയില്ല. | 1-32 |
| 40 | സ്ത്രീകൾക്ക് മെൻസ്ട്രുവൽ കപ്പ് – വിതരണം നടത്തിയില്ല | 1-33 |
| 41 | ഇൻകം ടാക്സ് ഇനത്തിൽ അധികം തുക ഒടുക്കി | 1-34 |
| 42 | പി.എച്ച്.സി.യിൽ സോളാർ പാനൽ സ്ഥാപിക്കൽ - കമ്മീഷനിംഗ് നടത്തിയില്ല | 1-35 |
| 43 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-36 |
| 44 | ലൈഫ് ഭവന പദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് വീട് വിറ്റു. | 1-37 |
| 45 | ആസ്തി രജിസ്റ്റർ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-38 |
| 46 | ഹരിതകർമസേന - പ്രവർത്തനങ്ങൾ -അവലോകനം | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അനുപൂരക പോഷകാഹാര പദ്ധതി - കയറ്റിറക്കുകൂലി അധികം നൽകി | 3-1 |
| 2 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല | 3-2 |
| 3 | വൃദ്ധർക്ക് കണ്ണട - നടപ്പിലാക്കാൻ അനുവാദമില്ലാത്ത പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ | 3-3 |
| 4 | ഇൻകം ടാക്സ് ഇനത്തിൽ അധികം തുക ഒടുക്കി | 3-4 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തികവർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 06.07.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 06.07.2023-ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായിC&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യപത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവ്യത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = ₹545310

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40a-40b) = ₹-5572682

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

1-1-4 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ലഡ്ജർ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

1-1-5 'ട്രഷറിപേയ്മെന്റ്' ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല

| ക്രമ നം. | ഫണ്ട് ഇനം | എ സി ആർ പ്രകാരം ചെലവ് ( സോഴ്സ് ഡിഡക്ഷൻ കൂടി പരിഗണിച്ച്) ₹ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് ₹ |
|---|---|---|---|
| 1 | വികസന ഫണ്ട് ജന. | 27096618/- | 25974922/- |
| 2 | വികസന ഫണ്ട് -എസ് സി പി | 12527000/- | 11284091/- |
| 3 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 8535441/- | 8494514/- |
| 4 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 4715582/- | 3234317/- |
| 5 | സിഎഫ് സി ടൈഡ് & അൺടൈഡ് | 9790121/- | 9763044/- |

ചെലവുകളിലെ വ്യത്യാസവിവരം ബില്ലുകൾ തിരിച്ച് ലഭ്യമാക്കിയിട്ടില്ല.

1-1-6 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

വൗച്ചർ നം-22200112 തീയതി-30/4/22 പ്രകാരം 15/- രൂപ ബാങ്ക് ബുക്കിൽ ചെലവ് ബുക്ക് ചെയ്യാതെ പെയ്മെന്റ് ഓർഡർ നൽകി.

1-1-7 വാർഷിക കണക്കുകളിലെ തുകയും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്ത തുകയും പൊരുത്തപ്പെടുന്നില്ല.

മാട്ടിറച്ചി ലേലം വരവ്തുക രജിസ്ററർ പ്രകാരം - 298000/- രൂപ
വാർഷികകണക്കുകൾ പ്രകാരം – 298500/- രൂപ

1-2 ബജറ്റ്

26.03.22 ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 13.03.23 ലെ II തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 1,55,68,748/- |
| വരവ് | ₹ 6,31,19,166/- |
| ആകെ | ₹ 7,86,87,914/- |
| ചെലവ് | ₹ 5,75,46,484/- |
| നീക്കിയിരിപ്പ് | ₹ 2,11,41,430/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 91,137/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 37,15,158/- |

** വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി.), വികസനഫണ്ട് (ടി.എസ്.പി.), ധനകാര്യ കമ്മീഷൻ വിഹിതം (ട്രഷറി), മെയിന്റനൻസ് ഗ്രാന്റ് (റോഡ്), മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) എന്നീ ഇനത്തിലുള്ള വരവ് തുകകൾ ഉൾപ്പെടുത്താതെയാണ് സാമ്പത്തിക വിശകലനം തയ്യാറാക്കിയിട്ടുള്ളത്.

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് /ലാപ്പ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 29565000 | 29565000 | 25974922 | 2468382 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 12527000 | 12527000 | 11284091 | 1242909 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 4911000 | 4911000 | 3234317 | 1676683 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 8550000 | 8550000 | 8494514 | 55486 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്-അൺടൈഡ്) - ട്രഷറി | 0 | 134286 | 134286 | 60264 | 74022 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്-അൺടൈഡ്) - ബാങ്ക് | 639523 | 3536509 | 4176032 | 4010285 | 165747 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) - ട്രഷറി | 0 | 983321 | 983321 | 802618 | 180703 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) - ബാങ്ക് | 2949860 | 5132000 | 8081860 | 4890597 | 3191263 |

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| MNREGS | 2405 | 1330374 | 1332779 | 1329289 | 3490 |
| ICDS | 148599 | 1788172 | 1936771 | 728684 | 1208087 |
| ശുചിത്വ മിഷൻ | 2530911 | 0 | 2530911 | 565170 | 1965741 |
| നാഷണൽഹെൽത്ത് മിഷൻ | 0 | 403921 | 403921 | 237187 | 166734 |
| ഖരമാലിന്യ സംസ്കരണം | 8621 | 0 | 8621 | 0 | 8621 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ബി.ആർ.സി | 219567 | | | 189648 | 29919 |
| റ്റി.എസ്.സി | 995279 | 200000 | 1195279 | 129800 | 1065479 |
| ലൈബ്രറി ഗ്രാന്റ് | 0 | 15580 | 15580 | 15580 | 0 |
| ലൈഫ് സ്റ്റേറ്റ് ഷെയർ & ബഡ്സ് | 2037522 | 1800000 | 3857522 | 2427545 | 1429977 |
| സാക്ഷരത | 4437 | 124 | 4561 | 0 | 4561 |
| സമ്പൂർണശുചിത്വം | 17165 | 0 | 17165 | 0 | 17165 |
| 320300199 | 300000 | 0 | 300000 | 0 | 300000 |

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 227 | 16,20,94,700/- | 120 | 7,36,63,754/- | 53 | 54 | 52.86 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,405 | 13,30,374 | 13,32,779 | 13,29,289 | 3,490 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,52,12,271 | 3,52,12,271 | 3,52,12,271 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4,18,600/- |
| വിധവാപെൻഷൻ | 1,61,61,800/- |
| വാർദ്ധക്യകാലപെൻഷൻ | 2,80,92,200/- |
| ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 51,49,800/- |
| തൊഴിൽരഹിതവേതനം | 3,600/- |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,70,300/- |
| വിധവകളുടെ പെൺമക്കൾ - വിവാഹ ധനസഹായം | 2,40,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.23 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹23,469/- നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ഐ.എൽ.ജി.എസ് രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്കിന്റെ കൃത്യത മേൽനോട്ടച്ചുമതലയുള്ളവർ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും ഐ.എൽ.ജി.എം.എസ് വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യുമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.
ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാന നിരീക്ഷണങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1. ആട് വളർത്തൽ പദ്ധതി – തൻവർഷം നടപ്പിലാക്കാത്ത പദ്ധതിക്കായി വികസനഫണ്ട് ചെലവഴിച്ചു. (ഖണ്ഡിക 1-16 കാണുക)
2. സിഡ്കോയിൽ നിന്നുള്ള വാങ്ങലുകൾ – സർക്കാർ മാർഗ്ഗനിർദ്ദേശം പാലിയ്ക്കുന്നില്ല. (ഖണ്ഡിക 1-17, 1-19കാണുക )
3. ഭൗമവിവര പഞ്ചായത്ത് പദ്ധതി - ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിച്ചിട്ടില്ല (ഖണ്ഡിക 1-21 കാണുക)
4. കുഴൽ കിണർ നിർമ്മാണം - പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചു (ഖണ്ഡിക 1-23 കാണുക)
5. വൃദ്ധർക്ക് കണ്ണട – നടപ്പിലാക്കാൻ അനുവാദമില്ലാത്ത പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ (ഖണ്ഡിക 1-32 കാണുക)
6. ലൈഫ് ഭവന പദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് വീട് വിറ്റു. (ഖണ്ഡിക 1-39 കാണുക)
7. കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളായ വാഴകൃഷി വികസനം, ജൈവപച്ചക്കറി കൃഷി, ഞങ്ങളും കൃഷിയിലേക്ക് എന്നിവ ലക്ഷ്യം കൈവരിച്ചില്ല.

ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ പൂർത്തിയാക്കിയ കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ നടത്താത്തതിനാൽ പ്രവർത്തനം ആരംഭിച്ചില്ല.
അഞ്ച് ഏക്കറിൽ നെൽകൃഷി ചെയ്യുന്നതിന് തടസ്സമായി ശ്രീ. രഘുനാഥൻ പിള്ള (പാറപ്പുറം വൈകുണ്ഠം ഫാക്ടറിയ്ക്ക് സമീപം) എന്ന വ്യക്തി ഡേറ്റാ ബാങ്കിൽ ഉൾപ്പെടുന്ന സ്ഥലത്ത് പണ കോരിയതിന് തുടർനടപടികൾ ഗ്രാമപഞ്ചായത്ത് കമ്മറ്റി അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ട്. (19.01.2023 ലെ 12 നം. ഭരണ സമിതി തീരുമാനം )

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല .

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും (മരാമത്ത് ഒഴികെ) വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയതിന് രേഖയില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം പര്യാപ്തമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.12.2022 | 2022 ജൂലൈ മുതൽ 2022 സെപ്തംബർ വരെ | 09.01.2023 |
| പെർഫോർമൻസ് ഓഡിറ്റ് | 27.08.2020 | 2014-15 മുതൽ 2019-20 വരെ | 11.11.2020 |

## 1-11 മാട്ടിറച്ചിലേലം-കരാർ വക്കുന്നതിലും ജി.എസ്.ടി അടവാക്കുന്നതിലും വീഴ്ചവരുത്തി

ഗ്രാമപഞ്ചായത്തിലെ മാട്ടിറച്ചി ലേലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ വെള്ളിമൺ, നാന്തിരിക്കൽ, ഇളമ്പള്ളൂർ, ഏഴാംകുറ്റി, മതിന്നൂർ, വില്ലേജ് ജംക്ഷൻ എന്നിവിടങ്ങളിൽ യഥാക്രമം സോളമൻ (26500/-), സിംസൺ (26500/-), സുനീർ (27500/-), ജിജിമോൺ (102500/-), ഷാനവാസ് (103000/-), ഷിനി മുരളി (12500) എന്നിവർക്ക് ലേലം ഉറപ്പിച്ച് നൽകിയിട്ടുണ്ട്. (28/9/22ലെ കമ്മിറ്റി തീരുമാനം 4/1, 10/2/23ലെ 8/1 നം കമ്മിറ്റി തീരുമാനം). ലേലവ്യവസ്ഥകളിൽ ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ചുകഴിഞ്ഞാൽ 7 ദിവസത്തിനകം 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതും, കേന്ദ്രസംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ ചുമത്തുന്ന നികുതികൾ അടവാക്കേണ്ടതുമാണ്. എന്നാൽ ഫയൽപരിശോധനയിൽ സിംസൺ എന്ന വ്യക്തി 200/- രൂപയുടെ മുദ്രപത്രം, ജി.എസ്.ടി തുക അടവാക്കിയ രേഖകൾ എന്നിവ സമർപ്പിച്ചിട്ടുണ്ട്. ലേലം ഉറപ്പിച്ച് നൽകിയ വ്യക്തികൾ പഞ്ചായത്തുമായി ഉടമ്പടി വച്ചതിന്റെ രേഖകൾ, ജി.എസ്.ടി അടവാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സോളമൻ എന്ന വ്യക്തി ഒഴികെയുള്ള സുനീർ, ജിജിമോൻ, ഷാനവാസ്, ഷിനിമുരളി എന്നീ വ്യക്തികൾ ജി.എസ്.ടി ഒടുക്കുവരുത്തിയതിന്റെ രസീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യക്തികൾ 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ജി.എസ്.ടി യിനത്തിൽ സോളമൻ എന്ന വ്യക്തിയിൽ നിന്നു ലഭ്യമാകാനുള്ള കുടിശ്ശിക തുകയായ 4770/- രൂപ ലഭ്യമാകുന്നതിനുവേണ്ട നടപടികൾസ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വരും വർഷങ്ങളിൽ ലേലം കൊള്ളുന്ന വ്യക്തികൾ പഞ്ചായത്തുമായി 7 ദിവസത്തിനകം ഉടമ്പടി വെയ്ക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം-13 തീയതി-16/8/23

## 1-12 നികുതി - നികുതിയേതര വരുമാനം - ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ

### 1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 22.12.22ലെ 3(1) തീരുമാനപ്രകാരം തനതുവരുമാനം നിശ്ചിത

സമയപരിധിക്കുള്ളിൽ പിരിച്ചെടുക്കുന്നതിന് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ബജറ്റിലെ വരവും യഥാർത്ഥ വരവുമായുള്ള അന്തരം കമ്മിറ്റി പരിശോധിച്ചിട്ടില്ല.

ബജറ്റ് പ്രകാരമുള്ള വരവ് – 55,00,000/- രൂപ

ILGMS പ്രകാരമുള്ള വരവ് – 48,65,343/- രൂപ

2) വസ്തു നികുതി

ബജറ്റിലെ പ്രതീക്ഷിത വരവും വസ്തുനികുതി വരവുമായി പൊരുത്തപ്പെടുന്നില്ല. 1-4-23ലെ പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ സംബന്ധിച്ച അന്തിമവിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല. വസ്തുനികുതി E-payment വരവ് എസ്.ബി.ഐയിൽ ക്രഡിറ്റാകുന്നതിൽ കാലതാമസം നേരിടുന്ന ഉദാ-19/4/23 ലെ 3/542 നം. കെട്ടിടത്തിന്റെ നികുതി 1543/- രൂപ 31/7/23 വരെ ബാങ്കിൽ ക്രെഡിറ്റ് ആയിട്ടില്ല.

3) സേവന ഉപനികുതി

16% സർവ്വീസ് ചാർജ്ജ് വസ്തുനികുതിയോടൊപ്പം ഈടാക്കുന്നു.

4) തൊഴിൽ നികുതി

മരാമത്ത് പണി ചെയ്യുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനിയർ, സൂപ്പർവൈസർമാർ, റേഷൻ വ്യാപാരികൾ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

5) വിനോദനികുതി

വിനോദനികുതി ഈടാക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചാത്തിൽ നിലവിൽ ഇല്ല.

1-13 സ്ഥാപനനികുതി, തൊഴിൽനികുതി എന്നിവ ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

1. താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും തൻവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, ചെമ്മക്കാട് | I |
| 2 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, വെള്ളിമൺ | I,ii |
| 8 | ഇടവട്ടം ക്ഷീരസംഘം | I,II |
| 9 | വെള്ളിമൺ ക്ഷീരസംഘം | I,II |
| 10 | നാന്തിരിക്കൽ ക്ഷീരസംഘം | I,II |
| 11 | ചെമ്മക്കാട് ക്ഷീരസംഘം | I,II |

2. ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വെള്ളിമൺ ക്ഷീരസംഘം | I,II |
| 2 | നാന്തിരിക്കൽ ക്ഷീരസംഘം | I,II |
| 3 | ചെമ്മക്കാട് ക്ഷീരസംഘം | I,II |
| 4 | ഇടവട്ടം ക്ഷീരസംഘം | I, II |
| 6 | ഡ്രൈവർ, ഗ്രാമപഞ്ചായത്ത് ഓഫീസ് | I,II |
| 7 | ചന്ദനത്തോപ്പ്, റെയിൽവേ ഗേറ്റ് കീപ്പർ | I,II |
| 8 | മാമൂട്, റെയിൽവേ ഗേറ്റ് കീപ്പർ | I,II |
| 9 | കേരളപുരം, റെയിൽവേ ഗേറ്റ് കീപ്പർ | I,II |

പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാർ, കരാറുകാർ, അഭിഭാഷകർ,

സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ, ടൂറിസ്റ്റ് വാഹന ഉടമകൾ എന്നിവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദീകരണം ആരാഞ്ഞുനൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നും നികുതി ഈടാക്കി ഒടുക്കവരുത്തുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്ത് രാജ് ആക്ട് 204 എ(ll), 205 ഡി എന്നിവ പ്രകാരം മുകളിൽ പരാമർശിച്ച വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.
എൻക്വയറി നം – 6, തീയതി-14/8/23

1-14 മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് നം – 13
ഫണ്ട് – റോഡിതരം (മെയിന്റനൻസ് ഗ്രാന്റ്)
നിർവഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

റോഡിതരംഅടങ്കൽ - 1,00,000/- രൂപ
ചെലവ് - 1,00,000/- രൂപ
ബിൽ നം - 1/22-23 തീയതി- 19/10/22

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ പ്രോജക്ട് പ്രകാരം 1,00,000/- രൂപ ഹോംകോ എന്ന സ്ഥാപനത്തിന് നല്കി. ഇൻവോയ്സ് നം-LF-353 Dtd 22/6/23 പ്രകാരം 37,382/- രൂപയുടെ മരുന്നുകൾ ലഭ്യമായി. 62,618/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുനൽകിയ എൻക്വയറിക്ക് മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നതുവരെ 62,618/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
എൻക്വയറി നം - 3, തീയതി – 11/8/23
തടസ്സപ്പെടുത്തിയ തുക – 62,618/- രൂപ

1-15 കന്നുകുട്ടിപരിപാലന പദ്ധതി - പദ്ധതിപ്പണം പൂർണ്ണമായും വിനിയോഗിച്ചില്ല.

കന്നുകുട്ടി പരിപാലന പദ്ധതിയിൽ കാലിത്തീറ്റ വിതരണത്തിനായി ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ പദ്ധതി തുക എസ്.എൽ.ബി.പി.യിൽ ഒടുക്ക വരുത്തുന്നെണ്ടിലും ചില ഗുണഭോക്താക്കൾ ഏതാനും മാസങ്ങൾ മാത്രം കാലത്തീറ്റ കൈപ്പറ്റിയ ശേഷം തുടർന്ന് കാലിത്തീറ്റ കൈപ്പറ്റാതിരിക്കുന്നതായി കാണുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി, നം | കന്നുകുട്ടി പരിപാലന പദ്ധതി (81/23)SO |
| അടങ്കൽ തുക | 4,25,000/-രൂപ (വികസന ഫണ്ട്)<br>4,25,000/-രൂപ (മറ്റുള്ളവ) |
| ചെലവ് തുക | 4,25,000/- രൂപ (ബിൽ നം. 1/21.4.22) |

പദ്ധതി പ്രകാരം 4 മുതൽ 6മാസം വരെ പ്രായമുള്ള 34 കന്നുകുട്ടികൾക്ക് 28 മാസം വരെയോ പ്രസവിക്കുന്നത് വരെയോ 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നു. തൻവർഷം 34 ഗുണഭോക്താക്കൾക്ക് 12,500/- രൂപ നിരക്കിൽ 4,25,000/-രൂപ എസ്.എൽ.ബി.പി.യിൽ ഒടുക്ക വരുത്തിയിട്ടുണ്ട്. സൊസൈറ്റികളിൽ നിന്നുള്ള കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഏതാനും മാസങ്ങൾ മാത്രം കാലത്തീറ്റ കൈപ്പറ്റിയശേഷം തുടർന്ന് കാലിത്തീറ്റ കൈപ്പറ്റാതിരിക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | കാലിത്തീറ്റ കൈപ്പറ്റിയ കാലയളവ്/അതിനായി ചെലവഴിച്ച തുക | ഒടുക്ക വരുത്തിയ തുക (₹) | തുക ഒടുക്ക വരുത്തിയതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക (കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം) |
|---|---|---|---|

| | | | |
|---|---|---|---|
| ലില്ലിജേക്കബ്, ഓലിക്കരമോലതിൽ വാർഡ്-3 | 5/22 മുതൽ 2/23 വരെ-7650/- രൂപ | 12,500/- | 12,500-7650=4850/-രൂപ |
| പ്രസന്നകമാരി, പ്രശാന്തി വാർഡ്-3 | 5/22 മുതൽ 11/22 വരെ 4950/- രൂപ | 12,500/- | 12,500-4950=7550/-രൂപ |
| ഇന്ദിരാ രാജൻ, നിഷാഭവനം വാർഡ്-3 | 5/22 മുതൽ 10/22 വരെ 4050/- രൂപ | 12,500/- | 12500-4050=8450/-രൂപ |
| | | ആകെ | 20850/- രൂപ |

പദ്ധതിയുമായി ബന്ധപ്പെട്ട് 16.8.23ലെ വിനിയോഗ സാക്ഷ്യപത്രത്തിൽ 4,25,000/- രൂപയിൽ 3,94,253/- രൂപ വിനിയോഗിച്ചതായും 30,747/- രൂപ വിനിയോഗിക്കാൻ അവശേഷിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതി സംബന്ധമായ വിശദാംശം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകയായ 30,747/- രൂപ എസ്.എൽ.ബി.പി. യിൽ നിന്ന് തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചു.

കാലിത്തീറ്റ വിതരണത്തിനായി തുക ഒടുക്കു വരുത്തിയ ശേഷം ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റാത്തതിനാൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകയായ 20,850/- രൂപ എസ്.എൽ.ബി.പി. യിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രപ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകയായ 30,747/- രൂപയിൽ മേൽ പ്രകാരമുള്ള 20,850/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 20,850/- രൂപ എസ്.എൽ.ബി.പി. യിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്. വിനിയോഗിക്കാൻ അവശേഷിക്കുന്നതിൽ ബാക്കി തുകയായ 9,897/- രൂപയുടെ (30747-20850) വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4/11.8.23

തടസ്സപ്പെടുത്തിയ തുക - 20,850/- രൂപ

1-16 ആട് വളർത്തൽ പദ്ധതി - മുൻവർഷത്തെ തുക നൽകാൻ ക്രമവിരുദ്ധമായി പുതിയ പദ്ധതി ആവിഷ്കരിച്ചു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി,നം | ആട് വളർത്തൽ ജനറൽപദ്ധതി (269/23)NEW |
| അടങ്കൽ തുക | 90,000/- രൂപ (വികസന ഫണ്ട്)<br>90,000/- രൂപ (ഗുണഭോക്തൃവിഹിതം) |
| ചെലവ് തുക | 90,000/- രൂപ (ബിൽ നം. 12/28.2.22) |

വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ആട് വളർത്തൽ (ജനറൽ) പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 90,000/- രൂപ പിൻവലിച്ചു. എന്നാൽ തൻവർഷം ഈ പദ്ധതി നടപ്പിലാക്കാതെ മുൻവർഷത്തെ പദ്ധതിയുടെ ബാക്കി തുക നല്കുന്നതിന് വേണ്ടിയാണ് മേൽപ്രകാരം 90,000/- രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമായി.

പദ്ധതിയുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. മേൽ പദ്ധതിക്കായി തൻവർഷം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടില്ല.

2. ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ, അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

3. ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ള H.s Goat Farm ന്റെ 9. 12. 2022 ലെ രസീതിൽ 30 യൂണിറ്റ് ആടുകൾക്കായി 6000/- രൂപ നിരക്കിൽ 1,80,000/- രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ 90,000/- രൂപ വികസന ഫണ്ടിൽ നിന്ന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. (സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല)

4. Goat Farm ന്റെ രസീതിലെ സ്റ്റോക്ക് സർട്ടിഫിക്കറ്റിൽ 30 യൂണിറ്റ് ആടുകളെ സ്റ്റോക്കിലെടുത്ത്

ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി നിർവഹണ ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്തിട്ടുണ്ട്. എന്നാൽ ആടുകളെ വിതരണം ചെയ്തതിന് രേഖകളില്ല. ഈ വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മുൻവർഷത്തെ ആടുവളർത്തൽ (ജനറൽ) പദ്ധതി നടപ്പിലാക്കിയതിൽ 90000/- രൂപ ആടിനെ വിതരണം ചെയ്ത വ്യക്തിക്ക് നൽകാനുണ്ടെന്നും ഈ തുക നൽകുന്നതിനായാണ് 2022-23 ൽ പുതിയ പ്രോജക്ട് വെച്ചതെന്നും നിർവഹണ ഉദ്യോഗസ്ഥ വ്യക്തമാക്കി. മറുപടിയിലെ മറ്റുവിവരങ്ങൾ ചുവടെ പറയുന്നു.

2020-21 സാമ്പത്തിക വർഷം വികസന ഫണ്ട്- 110000/-രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 90000/- രൂപയും ഗുണ. വിഹിതം- 200000/- രൂപയും അടങ്കൽ വച്ച് 80 യൂണിറ്റ് ആടുകളെ യൂണിറ്റ് കോസ്റ്റ് 5000/- രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്യുന്നതിന് പദ്ധതി (നം. 223/21) വിഭാവനം ചെയ്തെങ്കിലും തൻവർഷം നടപ്പിലാക്കിയിട്ടില്ല. 2021-22 വർഷം സ്പിൽ ഓവറായി വികസന ഫണ്ട്- 110000/- രൂപയും ഗുണ. വിഹിതം- 200000/- രൂപയും ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി. (എന്നാൽ 2021-22 സുലേഖ സ്റ്റേറ്റ്മെന്റിൽ സ്പിൽ ഓവർ പദ്ധതിയുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.) 80 യൂണിറ്റ് ആടുകളെ യൂണിറ്റ് കോസ്റ്റ് 5000/- രൂപ നിരക്കിൽ (4,00,000/- രൂപ) വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തു. ബ്ലോക്ക് വിഹിതം ലഭ്യമാകാത്തതിനാൽ ആടിനെ വിതരണം ചെയ്തയാൾക്ക് 90000/- രൂപ നൽകാനായില്ല. ആടിനെ വിതരണം ചെയ്ത ശ്രീ. ഹബീബ് എന്ന വ്യക്തി പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷം വികസന ഫണ്ടിൽ നിന്നും 90,000/- രൂപ വകയിരുത്തി പുതിയ പദ്ധതിയായി പദ്ധതി ആവിഷ്കരിച്ചു. തുടർന്ന് H S Goat Farm ന്റെ 9.12.2022 ലെ രസീത് പ്രകാരം (30 യൂണിറ്റുകൾക്കായി 6000/- രൂപ നിരക്കിൽ 1,80,000/- രൂപ) 90,000/- രൂപ വികസന ഫണ്ടിൽ നിന്ന് അനുവദിച്ച് നൽകുകയും ചെയ്തു.

31/08/2022 ലെ അജണ്ട 1, തീരുമാന നമ്പർ :- 2 പ്രകാരം പെരിനാട് ഗ്രാമപഞ്ചായത്തിൽ 2021/22 വാർഷിക പദ്ധതിയിൽ വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായ ആടുവളർത്തൽ ജനറൽ സ്പിൽഓവർ (119/22) പ്രോജക്ടിൽ കരാറുകാരനായ ശ്രീ. ഹബീബ് റാവുത്തർക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ 90000/- രൂപ നാളിതുവരെയും നൽകിയിട്ടില്ലെന്നതിനാലും സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ബ്ലോക്ക് വിഹിതം വെച്ചിട്ടില്ലാത്തതിനാലും ഈ പ്രോജക്ട് സ്പിൽ ഓവർ പ്രോജക്ടാക്കുന്നതിന് സാങ്കേതികമായി തടസ്സമുള്ളതിനാലും തനത് ഫണ്ട് വച്ച് പ്രോജക്റ്റ് ഏറ്റെടുത്ത് തുക നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ഈ തീരുമാനത്തിന് വിരുദ്ധമായി വികസന ഫണ്ട് വകയിരുത്തിയാണ് തുക നൽകിയത്. ക്രമവിരുദ്ധമായി നടത്തിയ വികസന ഫണ്ടിൽ നിന്നുള്ള 90000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തനതുഫണ്ടിൽ നിന്നും പിൻവലിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. കൂടാതെ മുൻവർഷം പദ്ധതി നടപ്പിലാക്കിയതിന്റെ ബാക്കി തുക നൽകുന്നതിന് പുതിയ പദ്ധതി എന്ന പേരിൽ തുക വകയിരുത്തി ചെലവഴിച്ചതും അതിനായി രേഖകൾ ചമച്ചതും ഗുരുതരമായ ചട്ടവിരുദ്ധ നടപടിയാണ്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 90,000/- രൂപ

ഓഡിറ്റ് എൻക്വയറി നം. 1/10.8.23

## 1-17 സിഡ്കോയിൽ നിന്നുള്ള വാങ്ങലുകൾ -സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പദ്ധതി, നം | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ വാങ്ങൽ 87/23 |
| അടങ്കൽ തുക | 7768/- (വികസനഫണ്ട് ) |
| ചെലവ് തുക | 7768/- (വികസനഫണ്ട്)-(ബിൽ നം.7/5/22) |

മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ എന്ന പദ്ധതിയിൽ സ്റ്റഡി ടേബിൾ 3720/- രൂപ (GST ഉൾപ്പെടാതെ), ഹാർഡ് വുഡ് കുഷൻചെയർ 2863/-രൂപ (GST ഉൾപ്പെടാതെ), സിഡ്കോയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട് (ഇൻവോയ്സ് നം-KLM/21-22/240 Dtd7/3/22). സർക്കാർ ഉത്തരവ് സാധാ നം.97/2022/എസ്.പി.ഡി തീയതി 23.12.2022 പ്രകാരം സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള റേറ്റ് കോൺട്രാക്ട് പട്ടികയിൽ മേൽ സ്പെസിഫിക്കേഷനിലുള്ള മേശയും കസേരയും ഉൾപ്പെട്ടിട്ടില്ല. മേൽ ഉത്തരവ് ഖണ്ഡിക 3 പ്രകാരം അനുബന്ധമായി ചേർത്തിട്ടുള്ള സിഡ്കോ ഉൽപന്നങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ വാങ്ങുവാൻ

പാട്ടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2.

| | |
|---|---|
| പദ്ധതി, നം | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ വാങ്ങൽ 149/23 |
| അടങ്കൽ തുക | 48000/- (വികസനഫണ്ട് |
| ചെലവ് തുക | 47682/- (വികസനഫണ്ട്)-(ബിൽ നം.2/31.3.22 |

മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ എന്ന പദ്ധതിയിൽ സ്റ്റഡി ടേബിൾ 5060/- രൂപ (Aw Table With One Cupboard And One Drawerof Size90*45*75) (GST ഉൾപ്പെടാതെ), ആഞ്ഞിലി വുഡ് ചെയർ വിത്ത് കുഷൻ സീറ്റ് ആന്റ് റീപ്പർ ബാക്ക് 1675/- രൂപ (GST ഉൾപ്പെടാതെ), ആറെണ്ണം വീതം സിഡ്കോയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. (ടാക്സ് ഇൻവോയ്സ് നം-KLM/22-23/411 Dtd27/3/23) സർക്കാർ ഉത്തരവ് സാധാ നം. 97/2022/എസ്.പി.ഡി തീയതി 23.12.2022 പ്രകാരം സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള റേറ്റ് കോൺട്രാക്ട് പട്ടികയിൽ മേൽ സ്പെസിഫിക്കേഷനിലുള്ള ഇനങ്ങൾ ഉൾപ്പെട്ടിട്ടില്ല. മേൽ ഉത്തരവ് ഖണ്ഡിക 3 പ്രകാരം അനുബന്ധമായി ചേർത്തിട്ടുള്ള സിഡ്കോ ഉൽപന്നങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ വാങ്ങുവാൻ പാട്ടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുകളിൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കാതെ ഫർണിച്ചർ വാങ്ങിയവരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വാങ്ങലുകൾ സ്റ്റോർ പർച്ചേസ് മാനുവൽ പാലിച്ചുകൊണ്ട് മാത്രം നടത്തേണ്ടതാണ്.
എൻക്വയറി നം - 2/11.8.23

1-18 ജനകീയ ഹോട്ടൽ അടിസ്ഥാന സൗകര്യം - സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവ് ചെയ്തു

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി | ജനകീയ ഹോട്ടൽ അടിസ്ഥാന സൗകര്യം (നം.25/23) |
| അടങ്കൽ തുക | 200000/- (തനത് ഫണ്ട്)<br>50000/- (ബ്ലോക്ക് വിഹിതം) |
| ചെലവ് തുക | 82739/- (952216/7.11.22) |

സംസ്ഥാന സർക്കാരിന്റെ പന്ത്രണ്ടിന പരിപാടി മാർഗ്ഗരേഖ 6-3-20ലെ ജി.ഒ.എം.എസ്.45/20 ത.സ്വ.ഭ.വ പ്രകാരം വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ജനകീയ ഹോട്ടലുകൾ നടത്തുന്നതിന് നിർദ്ദേശിക്കുകയും ഇതിനായുള്ള കെട്ടിടത്തിന്റെ വാടക, വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നിവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് നല്കേണ്ടതാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് ഖ. 1-4 പ്രകാരം ജനകീയ ഹോട്ടലിന് ആവശ്യമായ പാചക പാത്രങ്ങൾ, ഭക്ഷണ വിതരണ പാത്രങ്ങൾ, ഗ്ലാസ്സുകൾ, ഉപകരണങ്ങൾ തുടങ്ങിയവ കുടുംബശ്രീ ലഭ്യമാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ ഇത് പരിഗണിക്കാതെ പാചക പാത്രങ്ങൾ, ഭക്ഷണ വിതരണ പാത്രങ്ങൾ, ഗ്യാസ് സ്റ്റൗ എന്നീ ഉപകരണങ്ങൾ തനത് ഫണ്ടിൽനിന്ന് 82739/- രൂപ ചെലവഴിച്ച് വാങ്ങി നൽകിയിട്ടുണ്ട്.

ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജനകീയ ഹോട്ടലിന് സ്ഥലം കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ക്യാന്റീൻ താൽക്കാലികമായി ജനകീയ ഹോട്ടൽ ആയി ഉപയോഗപ്പെടുത്തുകയും കുടുംബശ്രീക്ക് ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ ഉപകരണങ്ങൾ വാങ്ങുന്നതിന് തുക ചെലവഴിക്കുകയും ചെയ്തു എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ഇത്തരം ഉപകരണങ്ങൾ കുടുംബശ്രീ ലഭ്യമാക്കുന്നതാണെന്ന് മേൽ ഉത്തരവ് ഖ. 1-5ൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച നടപടി ന്യായീകരിക്കത്തക്കതല്ല. ആയതിനാൽ മേൽ ഇനത്തിൽ ചെലവഴിച്ച 82739/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക ജനകീയ ഹോട്ടൽ നടത്തുന്ന കുടുംബശ്രീയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി

കണക്കാക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. – 10/16.8.23

തടസ്സപ്പെടുത്തിയ തുക - 82739/- രൂപ

1-19 സിഡ്കോയിൽ നിന്നുള്ള വാങ്ങലുകൾ - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ.

സെക്രട്ടറി നിർവഹണം നടത്തിയ പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫർണിച്ചറും നെയിംബോർഡും പദ്ധതിയിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ സർക്കാർ അംഗീകൃത റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനങ്ങൾ ടെണ്ടർ നടപടികൾ ഒഴിവാക്കി സിഡ്കോയിൽ നിന്നുംവാങ്ങിയിരിക്കുന്നു.

| | |
|---|---|
| പദ്ധതി, നം | പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫർണിച്ചറും നെയിംബോർഡും പദ്ധതി(33/23) |
| അടങ്കൽ തുക | 150000/- (CFCഫണ്ട് ) |
| ചെലവ് തുക | 150000/- (30.4.22) |

മേൽ പദ്ധതിയിൽ

1. S TypeSteel Visitors Chair-34300/-

2. 10 SeaterSemi Oval ModularConference Table-54000/-

3. വിവിധ ഇനം നെയിംബോർഡുകൾ- 35608/- എന്നിവ(GST ഉൾപ്പെടാതെ) സിഡ്കോയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് സാധാ നം. 97/2022/എസ്.പി.ഡി തീയതി 23.12.2022 പ്രകാരം സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള റേറ്റ് കോൺട്രാക്ട് പട്ടികയിൽ മേൽ സ്പെസിഫിക്കേഷനിലുള്ള ഇനങ്ങൾ ഉൾപ്പെട്ടിട്ടില്ല. മേൽ ഉത്തരവ് ഖണ്ഡിക 3 പ്രകാരം അനുബന്ധമായി ചേർത്തിട്ടുള്ള സിഡ്കോ ഉൽപന്നങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ വാങ്ങുവാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

Rate Contract ൽ ഉൾപ്പെടാത്തതും സിഡ്കോ ഉൾപ്പന്നങ്ങൾ അല്ലാത്തതുമായ ഇനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങണമെന്നിരിക്കെ ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

നടപടിക്രമങ്ങൾ പാലിക്കാതെയും ചട്ടങ്ങൾ മറികടന്നും പദ്ധതി നിർവ്വഹണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. സ്റ്റോർ പർച്ചേസ് മാനുവൽ പാലിച്ചുകൊണ്ട് മാത്രം സാധനങ്ങൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 12/16.08.23

1-20 വെള്ളക്കരം കുടിശ്ശിക-അധികമായി തുക ഡിമാന്റ് ചെയ്യുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി | പൊതുടാപ്പുകളുടെ വെള്ളക്കരം (നം. 04/23) |
| അടങ്കൽ | 2546724/- (12,12,858/- (CFC) + 14,454/- (തനത്) + 13,19,412/- (റോഡിതരം) |
| ചെലവ് | 2532270/- (12,12,858/- (CFC) + 13,19,412/- (റോഡിതരം) |

എല്ലാ തദ്ദേശ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള പൊതു ടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തണമെന്നും ഇതിനെ തുടർന്ന് ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം തയ്യാറാക്കുകയും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പ് വരുത്തുകയും ചെയ്യണമെന്നും, സ.ഉ.(സാ) നം. 1275/2009/- ത.സ്വ.ഭ.വ തീയതി 30-05-2009 ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പെരിനാട് ഗ്രാമ

പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതി പ്രകാരം ആകെ 2532270/- രൂപ വെള്ളക്കരമിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും 1319412/- രൂപയും, CFC ഫണ്ടിൽ നിന്നും 1212858/- രൂപയും ഈയിനത്തിൽ ഒടുക്ക് വരുത്തി. ഈ ഇനത്തിൽ തനത് ഫണ്ട് തൻ വർഷം വിനിയോഗിച്ചിട്ടില്ല. വാട്ടർ അതോറിറ്റി എല്ലാ മാസവും നൽകുന്ന ഡിമാൻറ് നോട്ടീസിൽ 440 ടാപ്പുകൾ ഉള്ളതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി രേഖകൾ സൂക്ഷിക്കുന്നില്ല. 2023 ജനവരി വരെ ടാപ്പൊന്നിന് 5512.5/- രൂപ നിരക്കിലും, ഫെബ്രുവരി മുതൽ ടാപ്പ് ഒന്നിന് 14559.12/- രൂപ നിരക്കിലുമാണ് വെള്ളക്കരം ഡിമാന്റ് ചെയ്തിട്ടുള്ളത്.2022-23 സാമ്പത്തിക വർഷാവസാനം 1846124/- രൂപ കുടിശ്ശികയുള്ളതായി ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പ്രതിമാസം 533830/- രൂപയോളം ഡിമാന്റ് തുക ഒടുക്കു വരുത്തിയിട്ടും കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ, വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി അതിനനുസരിച്ച് വെള്ളക്കരം ഒടുക്കുന്നതിനും, അധികമായി തുക ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിച്ച ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-21 ഭൌമവിവര പഞ്ചായത്ത് പദ്ധതി - ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിച്ചില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിലെ എല്ലാ കുടുംബങ്ങളുടേയും സോഷ്യോളജിക്കൽ ഡാറ്റ കൂടി ഉൾപ്പെടുത്തി GIS മാപ്പിംഗ് ചെയ്യുന്നതിനാണ് ഭൌമവിവര പഞ്ചായത്ത് പദ്ധതി. IKM വികസിപ്പിച്ച് വിന്യസിച്ചിരിക്കുന്നത് ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിലാണ് മാപ്പിംഗ് നടത്തുന്നത്. വസ്തുനികുതി അസസ്മെന്റിന് GIS മാപ്പിംഗ് ഉപകരിക്കുന്നതാകണം എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ഭൌമവിവര പഞ്ചായത്ത് പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. GIS അടിത്തറ ഉപയോഗിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സമഗ്രമായ വിവരശേഖരണം നടത്തുക

2. ഭൂവിനിയോഗം, റോഡ് കണക്ടിവിറ്റി, തെരുവുവിളക്ക് ഭൂപടം പോലുള്ള വിവിധതരം ഭൂപടങ്ങൾ തയ്യാറാക്കുക.

3. GIS അധിഷ്ഠിത അവശ്യസേവന മാപ്പിംഗ് നടപ്പിലാക്കുക.

സ.ഉ.(സാധാ)നം. 2834/19 ത.സ്വ.ഭ.വ, തീയതി 12.12.2019 പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ ഗ്രാമീണ പഠനകേന്ദ്രം,കരകുളം എന്ന സ്ഥാപനത്തെ നിർവഹണം ഏൽപ്പിച്ചിരുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | ഭൌമവിവര പഞ്ചായത്ത് പദ്ധതി.(139/23) |
| അടങ്കൽ തുക | ₹5,00,000/- (വികസന ഫണ്ട്)<br>5,00,000/- (CFC ഫണ്ട്) |
| ചെലവഴിച്ച തുക | ₹5,00,000/- (വികസനഫണ്ട്)-<br>TRN NO.220301000000030576/30.11.22<br>458321/-(CFC ഫണ്ട്)<br>(XVFC/2022-23/P/90/17.12.2022-224072/-<br>XVFC/2022-23/P/138/27.3.2022-215111/-) |

പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പരിശോധനയിൽ കണ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.
2021-22 വർഷം 500000/- രൂപയും 2022-23 വർഷം 458321/- രൂപയും ഉൾപ്പടെ ആകെ 958321/- രൂപ ഭൌമവിവര പഞ്ചായത്ത് പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

അക്രഡിറ്റഡ് ഏജൻസിയായ ഗ്രാമീണ പഠനകേന്ദ്രം,കരകുളം എന്ന സ്ഥാപനവുമായി 1.11.21 ൽ കരാറിൽ ഏർപ്പെട്ടിരുന്നു. സ്ഥാപനം സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പദ്ധതി ചെലവ് ചുവടെ ചേർക്കും പ്രകാരമാണ്.

| | Item | Unit | Number | Rate (₹) | Amount |
|---|---|---|---|---|---|
| 1 | LSG,S Ward Boundary Map | Ward | 20 | 550 | 11000/- |
| 2 | Cadastral | Sq.km | 14 | 1500 | 21000/- |

| | | | | | |
|---|---|---|---|---|---|
| 3 | Pond,River,Stream | Sq.km | 14 | 1750 | 24500/- |
| 4 | Road And Street Light | Ward | 20 | 6500 | 130,000/- |
| 5. | LSGI Assets | Ward | 20 | 2900 | 58000/- |
| 6. | Landuse | Sq.km | 14 | 3800 | 53200/- |
| 7. | Drone Maping | Sq.km | 13.84 | 16000 | 221440/- |
| 8 | Building | Per Building | 12894 | 20 | 257880/- |
| 9. | Socio Economic Data | Per Family | 10000 | 65 | 650000/- |
| 10. | Software(Portal Uploading For One Year) | | | | 150000/- |
| | | | | Total | 1577020/- |
| | | | | GST@18% | 283864/- |
| | | | | TOTAL | 1860884/- |

1.11.21 ൽ കരാർ പ്രകാരം പദ്ധതിത്തുകയായി വകയിരുത്തിയിട്ടുള്ളത് 1866406/- (GST ഉൾപ്പടെ) രൂപയാണ്. എന്നാൽ സ്ഥാപനം സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പദ്ധതി ചെലവ് 1860884/- (GST ഉൾപ്പടെ) രൂപയാണ്. ഈയിനത്തിൽ 5522/- രൂപയുടെ വ്യത്യാസം കാണുന്നു.

മേൽ പദ്ധതി ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല..

പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്ത് പരിധിയിലെ അനധികൃത കെട്ടിടങ്ങൾ, തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന കെട്ടിടങ്ങൾ എന്നിവ ഡേറ്റായിൽ ഉൾപ്പെടുന്നില്ല.

2) ഐ.കെ.എമ്മിന്റെ സോഫ്റ്റ്‌വെയറുകളിൽ സൊസൈറ്റിയുടെ ഡേറ്റാ ലിങ്ക് ചെയ്തിട്ടില്ല.

3) കെട്ടിടങ്ങളുടെ വിസ്തീർണ്ണമുൾപ്പെടെയുള്ള വിവരങ്ങൾ ഡേറ്റാ വഴി ലഭ്യമാക്കുന്നുണ്ടെങ്കിലും അപ്ഡേഷനുകൾ നടത്തിയിട്ടില്ല. അപ്ഡേഷനുവേണ്ടി ആവർത്തനച്ചെലവുകൾ ഉണ്ടാകുന്നതിന് സാധ്യതയുണ്ട്.

4) നികുതിയിനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനായി പദ്ധതി പ്രയോജനപ്പെടുത്തി നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

നികുതി പരിഷ്ക്കരണം നടത്തുന്നതിനായും റോഡ്, കുളങ്ങൾ, തുടങ്ങിയ ആസ്തികളെല്ലാം ജിയോ ടാഗ് ചെയ്ത് ഡിജിറ്റൽ ആക്കുന്നതിന്റെ ഭാഗമായി ഐ.കെ.എം. ഡെവലപ്പ് ചെയ്ത സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ച് പ്രാവർത്തികമാക്കുന്നതിനായും നടപ്പിലാക്കിയ പദ്ധതി, ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു. പദ്ധതി ലക്ഷ്യം കൈവരിക്കാൻ നടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 15/17.8.23.

1-22 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 1270000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി, നം. | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | കുഴൽ കിണർ നിർമ്മണം വെള്ളിമൺ (28/23) | 600000/- (CFCഫണ്ട്) | 600000/- | 10.6.22 | എസ്റ്റിമേറ്റ് തുകയായ 7,56206/- രൂപയിൽ 600000/- രൂപ ജില്ലാ ഓഫീസറുടെ കാര്യാലയം, ഭൂജല വകുപ്പ്, കൊല്ലം ഒടുക്കു വരുത്തി |

| | | | | | |
|---|---|---|---|---|---|
| 2. | ചെറുമൂട് കുഴൽകിണർ പമ്പ് സെറ്റ് സ്ഥാപിക്കൽ (263/23 | 670000/- (വികസന ഫണ്ട്) | 670000/- | 31/23.12.22 | എക്സിക്യൂട്ടീവ് എഞ്ചിനീയർ വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തി |
| | | ആകെ | 1270000/- | | |

മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 1270000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ്എൻക്വയറി നം. 16/17.8.23
തടസ്സപ്പെടുത്തിയ തുക - 1270000/- രൂപ

1-23 കുഴൽ കിണർ നിർമ്മാണം- പാതി വഴിയിൽ ഉപേക്ഷിച്ചു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | കുഴൽ കിണർ നിർമ്മാണം വാർഡ് 3, 4 (139/23) |
| അടങ്കൽ തുക | ₹ 1053143/- (CFC ഫണ്ട്) |
| ചെലവഴിച്ച തുക | ₹ 964899/- (CFC ഫണ്ട്) (വൌച്ചർ നം. 222200269/4.6.22) |

പദ്ധതി പ്രകാരം 3, 4 വാർഡുകളിലെ 10 -ാം നമ്പർ അങ്കണവാടി, പൗർണ്ണമി വായനശാല എന്നിവടങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനായി ഭൂജല വകുപ്പിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 499949/- രൂപയും, 464950/- രൂപയും ഉൾപ്പടെ ആകെ 964899 /- രൂപ 10.5.22 ൽ ഭൂജല വകുപ്പ്, കൊല്ലത്തിന്റെ ട്രഷറി അക്കൌണ്ടിൽ ഒടുക്കി.

ഫയൽ പരിശോധിച്ചതിൽ 7.8.23 ലെ GK T/336/2022 നമ്പർ വിനിയോഗ സാക്ഷ്യപത്രപ്രകാരം ആകെ ഒടുക്കി 964899/- രൂപയിൽ 629628/- രൂപ ചെലവഴിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ 1.2.23ലെ GK T/336/2022 നമ്പർ കത്ത് പ്രകാരം വായനശാല കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചുവെന്നും 10-ാം നമ്പർ അങ്കണവാടി കുഴൽ കിണർ നിർമ്മാണം ഉപ്പിന്റെ സാന്നിദ്ധ്യമുള്ളതിനാൽ ഉപേക്ഷിച്ചുവെന്നും രണ്ട് പ്രവൃത്തികൾക്കും കൂടി ആകെ 629628/- രൂപ ചെലവായി എന്നും അറിയിച്ചിട്ടുണ്ട്. വിശദമായ ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഓരോ പദ്ധതിയുടേയും ചെലവ് വിവരങ്ങൾ വ്യക്തമല്ല. വായനശാല കുഴൽ കിണർ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും വിനിയോഗിച്ചാൽ തന്നെയും പാതി വഴിയിൽ ഉപേക്ഷിച്ച അങ്കണവാടി കുഴൽ കിണറിനായി 164678/- രൂപ വിനിയോഗിച്ചതായി കാണുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്നും 13.1.23 തീയതിയിലെ പി 2/ 84/23 നമ്പർ കത്ത് പ്രകാരം 4 -ാം വാർഡ് 9-ാം നമ്പർ അങ്കണവാടിക്ക് സമീപം കുഴൽ കിണർ നിർമ്മിക്കുന്നതിനായി ഫീസിബിലിറ്റി സർട്ടിഫിക്കറ്റിനായി കത്ത് നൽകിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവയിൽ 10-ാം നമ്പർ അങ്കണ വാടിക്ക് സമീപം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതായും കാണുന്നില്ല. മേൽ വിവരങ്ങൾ ചൂണ്ടി കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുമില്ല.

10-ാം നമ്പർ അങ്കണവാടി കുഴൽ കിണർ നിർമ്മാണം ഉപ്പിന്റെ സാന്നിദ്ധ്യമുള്ളതിനാൽ ഉപേക്ഷിച്ചുവെന്ന് ഭൂജല വകുപ്പിൽ നിന്നും കത്ത് ലഭിച്ചെങ്കിലും തുടർ വിശദീകരണം തേടിയിട്ടില്ല. കുഴൽകിണർ കുഴിക്കുന്ന പ്രദേശത്തെ മണ്ണ് പരിശോധിച്ചതിന് ശേഷമാണ് നിർമ്മാണം ആരംഭിക്കേണ്ടിയിരുന്നത്. എന്നാൽ ഫിസിബിലിറ്റി പോലും ലഭ്യമാകാതെയാണ് കുഴൽ കിണർ നിർമ്മാണം ആരംഭിച്ച് പാതിവഴിയിൽ ഉപേക്ഷിച്ചിട്ടുള്ളത്.
വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കരാർ വച്ച് നിക്ഷേപ പ്രവൃത്തിയായി നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിക്കുന്നതിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ കരാർ പ്രകാരമുള്ള

നഷ്ടപരിഹാരം ഈടാക്കേണ്ടതായുണ്ട്. വ്യവസ്ഥകൾ വ്യക്തമാക്കി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി കണക്കാക്കി തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഭൂജല വകുപ്പിൽ വിനിയോഗിച്ചതിന് ശേഷം അവശേഷിക്കുന്ന തുകയായ 335271/- രൂപ തിരികെ ഈടാക്കുന്നത് വരെ പ്രസ്തുത തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കിണർ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചത് കാരണം പാഴ്ച്ചെലവായ തുക എത്രയെന്ന് വിശദമായ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ്. ഈ തുക പാഴ്ച്ചെലവായി മാറിയതിന്റെ ഉത്തരവാദി ആരെന്ന് കണ്ടെത്തി ആയത് ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 11/16-08-2023

തടസ്സപ്പെടുത്തിയ തുക - 335271/- രൂപ

## 1-24 ഇടം പാർക്കിലേയ്ക്ക് കളി ഉപകരണങ്ങൾ വാങ്ങൽ - Metal Duck Spring Rider സ്ഥാപിച്ചില്ല.

ഇടം പാർക്കിലേയ്ക്ക് കളി ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിൽ ടെണ്ടർ നടപടികളില്ലാതെ ഹാബിറ്റാറ്റിൽ നിന്ന് കളി ഉപകരണങ്ങൾ നേരിട്ട് വാങ്ങി.വാങ്ങിയ കളി ഉപകരണങ്ങളിൽ Metal Duck Spring Rider പാർക്കിൽ ഇതുവരെ സ്ഥാപിച്ചിട്ടില്ല.

| | |
|---|---|
| പദ്ധതി, നം | ഇടം പാർക്കിലേയ്ക്ക് കളി ഉപകരണങ്ങൾ വാങ്ങൽ(32/23) |
| അടങ്കൽ തുക | 200000/- (CFCഫണ്ട് ) |
| ചെലവ് തുക | 192727/-<br>(152727/- (വൌച്ചർ നം. 22200456/26.7.22)<br>40000/- (വൌച്ചർ നം. 22200271 /4.6.22) |

സ്റ്റോർ പർച്ചേസ് മാന്വൽ ,2013 ജി.ഒ(പി) നം.3/2013/ എസ്.പി.ഡി തീയതി 21.6.23,പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ജി.ഒ(പി) നം.259/2010/ ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നിരിക്കെ അത്തരം നടപടിക്രമങ്ങൾ പാലിക്കാതെ അക്രെഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റിൽ നിന്ന് വാങ്ങുന്നുവെന്ന് രേഖപ്പെടുത്തി 192727/- രൂപ ചെലവഴിച്ച് കളി ഉപകരണങ്ങൾ വാങ്ങി. 16.8.2023 ന് നടത്തിയ സ്ഥലപരിശോധനയിൽ ആകെ വാങ്ങിയ 6 കളി ഉപകരണങ്ങളിൽ 5 എണ്ണം മാത്രമേ പാർക്കിൽ സ്ഥാപിച്ചിട്ടുള്ളു എന്ന് കണ്ടു.
മേൽ വിവരങ്ങൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് മറുപടിയായി ഹാജരാക്കിയ ജി.ഒ(പി) നം.77/2019/ ഫിൻ തീയതി 4.7.2019 ഉത്തരവ് പ്രകാരം Public Works എക്സിക്യൂട്ട് ചെയ്യുന്നതിനായുള്ള അക്രെഡിറ്റഡ് ഏജൻസികളിൽ ഹാബിറ്റാറ്റും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവിടെ കളി ഉപകരണങ്ങളുടെ വാങ്ങലുകളാണ് നടത്തിയിട്ടുള്ളത്. കൂടാതെ പാർക്കിൽ സ്ഥാപിക്കാതിരുന്ന Metal Duck Spring Rider കവർപോലും പൊട്ടിക്കാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. കളി ഉപകരണങ്ങൾ പാർക്കിൽ സ്ഥാപിക്കുന്നതിലേയ്ക്കായി സെന്റേജ് ചാർജ്ജിനത്തിൽ 12098/- രൂപ ഹാബിറ്റാറ്റിന് അനുവദിച്ച് നൽകിയിട്ടുണ്ട്.
സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ടെണ്ടർ നടപടികൾ ഒഴിവാക്കി കളി ഉപകരണങ്ങൾ വാങ്ങിയതിനാലും വാങ്ങിയ മുഴുവൻ ഉപകരണങ്ങളും സ്ഥാപിക്കാതിരുന്നതിനാലും പ്രസ്തുത പദ്ധതിക്കായി നടത്തിയ 192727/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 11/16.8.23
തടസ്സപ്പെടുത്തിയ തുക - 1,92,727/- രൂപ

## 1-25 അനുപൂരക പോഷകാഹാര പദ്ധതി - കയറ്റിറക്കുകൂലി അധികം നൽകി

| ക്രമ നമ്പർ | ബിൽ നമ്പർ, തുക | ഇൻവോയ്സ് നമ്പർ, തീയതി | വാങ്ങിയ സാധനങ്ങൾ | നൽകിയ കയറ്റിറക്കുകൂലി | അനുവദനീയമായ കയറ്റിറക്കുകൂലി | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | 19089 | 0201207/22868 /31-8-22 | ഗോതമ്പ് - 1340KG<br>ശർക്കര - 670KG (Aug, Sep, AG | 3350X2.45= 8207.5 | 2010X2.45= 4924.5 | 3283/- |

| | | | | | | |
|---|---|---|---|---|---|---|
| | | | Food) | | | |
| 2 | 19791 | 846/17-11-22 | THRS NOVEMBER 1635KG | 1667X2.45= 4084 | 1635X2.45= 4006 | 78/- |
| 3 | 12179/- ചെക്ക് നം. 959896 28-3-23 Central Share | 878/20-1-23 കേന്ദ്രവിഹിതം 23983/- (ചെക്ക് നം. 957144/6.3.23) രൂപയുടെ ബില്ലിനൊപ്പം കയറ്റിറക്ക് കൂലി നൽകി. കൂടാതെ വീണ്ടും 959896/28.3.23 പ്രകാരം തുക നൽകി 0201109/221369 13-3-23 | THRS JAN 1611KG 1400kg WBNP RICE | 1611x2.45= 3947 1400X2.45= 3430 | 0 1500X2.45= 3675/- 1500KG എന്ന് വൌച്ചറിൽ രേഖപ്പെടുത്തി നൽകി. | 3947/- 245/- |
| | ആകെ അധികം നൽകിയ തുക | | | | | 7553/- |

തുക അധികം നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അനുപൂരകപോഷകാഹാര വിതരണത്തിനുള്ള കയറ്റിറക്കുകൂലി അധികം കൊടുത്തത് ബോധ്യപ്പെട്ടിട്ടുണ്ടെന്നും നിലവിലും ജോതിഷ് ബാബു തന്നെ കയറ്റിറക്ക ജോലി ചെയ്യുന്നതിനാൽ ആഗസ്റ്റ് മാസത്തെ കയറ്റിറക്ക ജോലിക്കുള്ള കൂലി നൽകുന്ന ബില്ലിൽ നിന്നും ഈ തുക കുറവ് വരുത്തുന്നതാണെന്നും അറിയിച്ചു. ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 7553/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. തുക തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 20/17-8-23

നിരാകരിച്ച തുക – 7553/- രൂപ

## 1-26 ലൈഫ് മിഷൻ ഭവനനിർമ്മാണം - പണി പൂർത്തിയാക്കിയില്ല.

ലൈഫ് മിഷൻ ഭവനനിർമ്മാണത്തിനായി അഡ്വാൻസ് കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി ആരംഭിച്ച് ബാക്കി തുക കൈപ്പറ്റിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനഗഡു കൈപ്പറ്റിയ തീയതി | നിലവിലെ അവസ്ഥ |
|---|---|---|---|---|
| ലൈഫ് SC-190/23 അടങ്കൽ– 1,00,00,000/- ചെലവ്- 33,10,000/- | മിനിമോൾ, ബിജു സോനാ ഭവനം | 40,000/- | 27-3-23 | പണി ആരംഭിച്ചിട്ടില്ല |
| ” | ലളിത | 40,000/- | 25-2-22 | പണി ആരംഭിച്ചിട്ടില്ല |
| ” | അജികുമാർ, പ്രണവം | 40,000/- | 30-3-22 | പണി ആരംഭിച്ചിട്ടില്ല |
| ലൈഫ് SC-95/23(SO) അടങ്കൽ– 64,10,000/- ചെലവ്- | ഷിബു നന്ദനം | 2,00,000/- | 20-4-22 | ബെയിസ്മെന്റ് |

| | | | | |
|---|---|---|---|---|
| 22,70,000/- | | | | |

തുടർനടപടി വിവരങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വീടു പണി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 18/17-8-23

1-27 വിവിധ ടോയ് ലെറ്റ് പദ്ധതികൾ - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയില്ല

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ ടോയ് ലെറ്റ് പദ്ധതികൾ പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | യൂണിറ്റിനായി നൽകുന്ന തുക | അഡ്വാൻസായി നൽകുന്ന തുക | അഡ്വാൻസ് കൈപ്പറ്റിയിട്ട് പണി നടത്തി രണ്ടാം ഗഡു കൈപ്പറ്റാതിരുന്ന ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| ഗാർഹിക കക്കൂസ് അറ്റകുറ്റപണി 227/23 | 9240/- | 4240/- | 7 |
| ഒ.ഡി.എഫ് ടോയ് ലെറ്റ് നിർമ്മാണം 102/23 | 15400/- | 7000/- | 26 |
| ടോയ് ലെറ്റ് മെയിന്റനൻസ് 278/23 | 9240/- | 4240/- | 47 |
| ഒ.ഡി.എഫ് ടോയ് ലെറ്റ് മെയിന്റനൻസ് 103/23 | 9240/- | 4000/- | 29 |
| ഗാർഹികകക്കൂസ് നിർമ്മാണം 228/23 | 15400/- | 7000/- | 57 |

തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടോയ്ലെറ്റ് പദ്ധതികൾ പൂർത്തീകരിക്കുകയോ അല്ലെങ്കിൽ അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 19/17-8-23

1-28 വീട് വാസയോഗ്യമാക്കൽ പണി പൂർത്തിയാക്കിയില്ല

വീട് വാസയോഗ്യമാക്കൽ പദ്ധതിയ്ക്കായി അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ബിൽ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|
| 222/23 | 19/13-1-23 | സുഭാഷ് കുമാർ ബി | 37500/- |
| വീട് വാസയോഗ്യമാക്കൽ | 35/23-3-23 | രമണൻ | 37500/- |
| എസ്.സി.പി | 38/28-3-23 | അനരാജ് | 37500/- |

തുടർനടപടി വിവരങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 112500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വീടു പണി പൂർത്തിയാക്കി രണ്ടാം ഗഡു അനുവദിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ, പണി പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 112500/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ – 17/17-8-23

1-29 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 6,65,563 /- രൂപയുടെ മരുന്നുകൾ ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടിൽ മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി K.M.S.C.L-ൽ അടവാക്കിയ 6,65,563 /- രൂപയുടെ മരുന്നുകൾ ഇതുവരെ ലഭിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബില്ല് നം/തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|
| പ്രോജക്ട് നം.46 /23- പാലിയേറ്റീവ് കെയർ - ഫണ്ട്- പൊതു വിഭാഗം | 3,49,989/- | ബി.ആർ.എൻ നം.688649/26.10.2022 ബി.ആർ.എൻ നം.758703/10.11.2022 ബി.ആർ.എൻ നം.988048/03.01.2023 ബി.ആർ.എൻ നം.28552/06.01.2023 | PRF 1738/18.10.2022 PRF 1696/17.10.2022 PRF 3235/28.12.2022 PRF 3269/29.12.2022 | 1,42,653/- | 2,07,336/- രൂപ |
| പ്രോജക്ട് നം.270/23- അതി ദരിദ്രർക്ക് മരുന്ന് വാങ്ങൽ- ഫണ്ട്- പൊതു വിഭാഗം | 1,00,000 | ബി.ആർ.എൻ നം.58037/15.03.2023 | PRF 4533/17.02.2023 PRF 4532/17.02.2023 | 31,086/- | 68,914/- രൂപ |
| പ്രോജക്ട് നം.17/23- പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ ഫണ്ട്- മെയിൻ്റനൻസ് ഫണ്ട് (റോഡ് ഇതരം) | 8,10,853 | ബി.ആർ.എൻ നം.143959/28.05.2022 ബി.ആർ.എൻ നം.143959/16.10.2022 ബി.ആർ.എൻ നം.97941/18.11.2022 | PRF 119/21.05.2022 PRF 127/23.05.2022 PRF 1334/16.09.2022 PRF 1593/11.10.2022 | 6,27,995 | 1,82,858 /- രൂപ |
| പ്രോജക്ട് നം.182/23- മാരക രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ- ഫണ്ട്- മെയിൻ്റനൻസ് ഫണ്ട് (റോഡ് ഇതരം) | 6,44,999/- | ബി.ആർ.എൻ നം.9561/16.11.2022 ബി.ആർ.എൻ നം.3417/28.01.2023 ബി.ആർ.എൻ നം.63698/28.02.2023 ബി.ആർ.എൻ നം.7212/16.03.2023 | PRF 2122/09.11.2022 PRF 3488/10.01.2023 PRF 4286/07.02.2023 PRF 4535/17.02.2023 | 4,38,544 | 2,06,455 |
| ആകെ | 1905841/- | | | 1240278/- | 6,65,563/- രൂപ |

മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച

വരുന്നുവെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുള്ളത്. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 6,65,563/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 6,65,563/- രൂപ

ഓഡിറ്റ് എൻക്വയറി നം. 07/14.08.2023

1-30 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു – അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല

കരാറുകാർ, പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges (P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയും എന്ന കണക്കിൽ) അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. എന്നാൽ ചുവടെ രേഖപ്പെടുത്തിയ പ്രവൃത്തികളുടെ അന്തിമ ബില്ലുകളിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശം ചുവടെ പറയുന്നു.

1. പ്രോജക്ട് നം. 50/23 – വെള്ളിമൺ യു.പി.എസ്. ഇടക്കര റോഡ് റീടാറിംഗ് വാർഡ് 20
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി
അടങ്കൽ തുക - 2,18,000/ രൂപ (മെയിന്റനൻസ് ഫണ്ട് റോഡ് )
ചെലവ് തുക – 2,17,678/- രൂപ
കരാറുകാരൻ - ശ്രീ. ജയകുമാർ എ, കൊച്ചുവിള വീട്, വെള്ളിമൺ
എഗ്രീഡ് പി.എ.സി. -2,94,454/ രൂപ (ടെണ്ടർ എക്സസ്)
എഗ്രിമെന്റ്നം. 36/AE/എൽ.എസ്.ജി.ഡി/പി.എൻ.ഡി. /21-22/ 08.03.2022
ടി.എസ്.നം. 63513/20-21 തീ.06.09.20
എം.ബുക്ക് നം. 3/22-23
ബിൽ നം. 6/26.12.22
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം -4 മാസം
സൈറ്റ് കൈമാറിയ തീയതി : 08.03.2022
പ്രവൃത്തി ആരംഭിച്ച തീയതി : 08.03.2022
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 28.12.2022
വൈകിയ കാലയളവ് : 144 ദിവസങ്ങൾ
ഈടാക്കേണ്ട ഫൈൻ : 6,057/-രൂപ (2,94,454/- രൂപ X.1%= 294.45/7 X 144 ദിവസം )

കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ഫൈൻ ഈടാക്കാത്തതിനു വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ശക്തമായ മഴ മൂലമാണ് പ്രവൃത്തി നടത്തുന്നതിന് താമസിച്ചത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന് ഉപോൽബലകമായ നിശ്ചിത ഫാറത്തിൽ കരാറുകാരൻ സമർപ്പിച്ച അപേക്ഷ ,ആയത് ശിപാർശ ചെയ്ത അസി.എൻജിനീയറുടെ റിപ്പോർട്ട് ,ചുമതലയുള്ള അസി. എക്സിക്യൂട്ടീവ് എൻജിനീയറുടെ അംഗീകാരം എന്നിവ ഹാജരാക്കാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

2. പ്രോജക്ട് നം. 67/23 – പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സൈൻ ബോർഡ് സ്ഥാപിക്കൽ
കരാറുകാരൻ - ശ്രീ. ബിബിൻ ബേബി
എഗ്രിമെന്റ്നം. 29/AE/എൽ.എസ്.ജി.ഡി/പി.എൻ.ഡി. /21-22/ 28.02.2022
ടി.എസ്.നം. 65243/21-22 തീ.18.12.2021
എം.ബുക്ക് നം. 8/22-23
ബിൽ നം. 6/26.12.22
എഗ്രീഡ് പി.എ.സി.-84,027/-രൂപ
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം -6 മാസം
സൈറ്റ് കൈമാറിയ തീയതി : 28.02.2022
പ്രവൃത്തി ആരംഭിച്ച തീയതി : 28.02.2022
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 10.1.2023

വൈകിയ കാലയളവ് : 136 ദിവസങ്ങൾ

ഈടാക്കേണ്ട ഫൈൻ : 1,632/-രൂപ (84027.97/-രൂപ X.1%=84.02 /7 X 136 ദിവസം )

കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ഫൈൻ ഈടാക്കാത്തതിനു വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

മേൽ രണ്ട് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ആകെ ഈടാക്കേണ്ട തുകയായ 7,689/- രൂപ (6,057+1,632 ) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 8/14.08.2023 , 24/17.08.202

നഷ്ടം – 7,689/- രൂപ

### 1-31 വൃദ്ധർക്ക് കണ്ണട - നടപ്പിലാക്കാൻ അനുവാദമില്ലാത്ത പദ്ധതി നടപ്പിലാക്കി.

വയോജനസൗഹൃദപരിപാടിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത ഇനമായ വയോജനങ്ങൾക്ക് കണ്ണട എന്ന പദ്ധതി ICDS സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കി. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 92/23 | 93/23 |
| പ്രോജക്ട് | വയോജനങ്ങൾക്ക് കണ്ണട SO | വയോജനങ്ങൾക്ക് കണ്ണടSO |
| അടങ്കൽ | 58000/- | 20,000/- |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ | വികസനഫണ്ട് എസ്.സി.പി. |
| ചെലവ് | 57960/- | 17,200/- |
| ബിൽ നമ്പർ | 79/28-3-23-31500/-<br>86/28-2-23-26460/- | 60/21-3-23-14800/-<br>85/31-3-23-2400/- |

സർക്കാർ ഉത്തരവ് 22/2018/തസ്വഭവ, തിരുവനന്തപുരം തീയതി 14-02-2018 ഖണ്ഡിക 7-1-13 പ്രകാരം വയോജനസൗഹൃദപരിപാടിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത ഇനമായ വയോജനങ്ങൾക്ക് കണ്ണട എന്ന പദ്ധതി നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ പ്രോജക്ട് 2020-21 വർഷം ആവിഷ്കരിച്ചതാണെന്നും പ്രോജക്ട് നടത്തുന്നതിന് അനുവാദമില്ലാത്തതിനെ തുടർന്ന് കത്ത് നൽകിയിരുന്നുവെങ്കിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തെ തുടർന്നാണ് ഈ പദ്ധതി നടപ്പിലാക്കിയത് എന്നും അറിയിച്ചു. എന്നാൽ കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമല്ലാത്ത പരിപാടി കമ്മിറ്റി തീരുമാനപ്രകാരം നടത്തി എന്ന മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 75160/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ – 5/14-8-23

നിരാകരിച്ച തുക - 75,160/- രൂപ

### 1-32 മഴക്കാല പൂർവ്വ ശുചീകരണം - പൂർണ്ണമായും ചെലവ് രേഖ ഹാജരാക്കിയില്ല.

മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡ് തല സാനിട്ടേഷൻ സമിതിയ്ക്ക് വാർഡ് ഒന്നിന് 10,000/- രൂപാ നിരക്കിൽ 2,00,000/-നൽകിയെങ്കിലും (JF6453121/30-5-22) 1,98,200/- രൂപയുടെ വൗച്ചർ മാത്രമേ ഹാജരാക്കിയുള്ളൂ. ബാക്കി തുക (1800/-) ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 1800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ – 27/17-8-23

തടസ്സപ്പെടുത്തിയ തുക – 1800/- രൂപ

### 1-33 സ്ത്രീകൾക്ക് മെൻസ്ട്രുവൽ കപ്പ് – വിതരണം നടത്തിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഫണ്ട്- പൊതു വിഭാഗം - 40,000/-

ചെലവ് - 40,000/-

ബി.ആർ.എൻ നം. 663836/18.10.2022
ബി.ആർ.എൻ നം. 988025/03.01.2023

പ്രോജക്ട് നം. 213/23- ഷീ കപ്പ് –മെൻസ്ട്രുവൽ കപ്പ് പ്രോജ്ക്ടിൽ 40,000/- രൂപ ചെലവഴിച്ച് 100 മെൻസ്ട്രുവൽ കപ്പുകൾ HLL Lifecare-ൽ നിന്നും 01/2023, 02/2023 – എന്നീ മാസങ്ങളിൽ വാങ്ങി. (HLL ഇൻവോയിസ് നം.5739/3.02.2023, 5667/03.02.2023 ) 15 മുതൽ 45 വയസ് വരെയുള്ള വനിതാ ഗുണഭോക്താക്കൾക്ക് നേരിട്ടോ സബ് സെന്ററുകൾ മുഖേനയോ ഇവ നൽകാനും, സെമിനാർ, പോസ്റ്റർ, നോട്ടീസ് എന്നിവ വഴി അവബോധം നൽകുന്നതിനും പ്രോജ്ക്ട് വിഭാവന ചെയ്തിരുന്നു.
രേഖകൾ പരിശോധിച്ചതിൽ, ലഭിച്ച മെൻസ്ട്രുവൽ കപ്പുകൾ സ്റ്റോക്കിൽ എടുത്തതായി ബോധ്യപ്പെട്ടു. എന്നാൽ നാളിതു വരെ ഇവ വിതരണം നടത്തിയിട്ടില്ല. വിവിധ വാർഡുകളിൽ നിന്നും 100 വനിതകളെ തെരഞ്ഞെടുത്ത പട്ടിക ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഇവരെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. നാളിതു വരെ പ്രോജക്ടിൽ വിഭാവനം ചെയ്ത മറ്റ് പ്രവർത്തനങ്ങളും നടത്തിയിട്ടില്ല.
മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ, HLL Lifecare അധികാരികളുടെ സഹകരണം തുടർ പ്രവർത്തനങ്ങൾക്ക് ഉറപ്പാക്കിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം ഇതു വരെ ലഭ്യമായിട്ടില്ലെന്നും അറിയിച്ചു.
ഗ്രാമപഞ്ചായത്തിന്റെ മിനിട്ട്സ് പരിശോധിച്ചതിൽ 23.02.2023 –ന് 2/2 നമ്പർ തീരുമാന പ്രകാരം ഗുണഭോക്തൃ പട്ടിക അംഗീകരിച്ചതായി ബോധ്യപ്പെട്ടു. അതിനാൽ മെഡിക്കൽ ഓഫീസർ നൽകിയ മറുപടി വസ്തുതാപരമല്ല.
പ്രോജ്ടിന്റെ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിന് ചുമതലപ്പെട്ടവർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്ത് രേഖകൾ ഹാജരാക്കുന്നതു വരെ 40,000/-രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.
തടസ്സപ്പെടുത്തുന്ന തുക - 40,000/-രൂപ
ഓഡിറ്റ് എൻക്വയറി നം – 7 /14.08.2023

## 1-34 ഇൻകം ടാക്സ് ഇനത്തിൽ അധികം തുക ഒടുക്കി

പ്രവൃത്തിയുടെ ബില്ലിൽ കുറവ് ചെയ്യാത്ത ഇൻകം ടാക്സ് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയതുമൂലം 735/- രൂപ നഷ്ടമായി. പ്രോജക്ട് നമ്പർ 35/23 പ്രകാരമുള്ള ബിൽ തുകയിൽ ഇൻകംടാക്സ് കിഴിക്കാതെയുള്ള തുകയായ 73,494/- രൂപ കരാറുകാരനു നൽകിയിരുന്നു (ഹരിത സഹായ സ്ഥാപനങ്ങൾക്ക് തുക നൽകൽ 35/23, സാങ്ഷൻ ഓർഡർ -100/10.06.22, ഗ്രോസ്സ് – 73,494). എന്നാൽ 6-7-2022 തീയതിയിലെ 22200403 നമ്പർ വൗച്ചർ പ്രകാരം ഇൻകം ടാക്സ് എന്ന് രേഖപ്പെടുത്തി 735/- രൂപ പിൻവലിച്ച് ഒടുക്കിയിട്ടുണ്ട് (ചെക്ക് നമ്പർ24123/6-7-23) ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രകാരം ചെലവഴിച്ച 735/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക – 735/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ – 28/17.08.2023

## 1-35 പി.എച്ച്.സി.യിൽ സോളാർ പാനൽ സ്ഥാപിക്കൽ - കമ്മീഷനിംഗ് നടത്തിയില്ല

പ്രോജക്ട് നം. 91/23
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
ഫണ്ട് – മെയിന്റനൻസ് ഫണ്ട് - റോഡിതരം – 8,41,000/- രൂപ
ചെലവ് – 8,41,000/- രൂപ
(എസ്.ബി.ഐ ചെക്ക് നം. 67141831051/23.04.2022)

പി.എച്ച്.സി.യിൽ 5 കിലോവാട്ട് ഹൈബ്രിഡ് സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 24.04.2022 -ന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ANERT മായി 6 മാസ കാലാവധിയിൽ കരാർ വച്ചു . ANERT ന്റെ സർവ്വീസ് ചാർജ്ജ് ഉൾപ്പെടെയുള്ള 8,41,500/- രൂപയുടെ ഇൻവോയിസ് / ഡിമാന്റ് നോട്ടിന്റെ (4.03.2021 –നം. 79/fs&dw 21-22/anert/klm) അടിസ്ഥാനത്തിലാണ് 8,41,000/- രൂപ കൈമാറുകയും ചെയ്തു.

കരാർ പ്രകാരം 23/10/2022 നകം ANERT, പ്ലാന്റ് സ്ഥാപിച്ച് കമ്മീഷനിംഗ് നടത്തുന്നതിന് എന്നിവ ബാധ്യസ്ഥരായിരുന്നു. നിലവിൽ സോളാർ പാനൽ സ്ഥാപിച്ച് ഗ്രിഡുമായി ബന്ധിപ്പിച്ചതായും എന്നാൽ പവർ പ്ലാന്റ് സ്ഥാപനം, കമ്മീഷനിംഗ്, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട് അനർട്ട് ജില്ലാ ഓഫീസ്, പി.എച്ച്.സി, പവർ പ്ലാന്റ് സ്ഥാപിക്കുന്ന ഏജൻസി എന്നിവർ ചേർന്ന് ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടില്ലായെന്നും മെഡിക്കൽ ഓഫീസർ, ANERT ജില്ലാ എ.ഇയ്ക്ക് നൽകിയ കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (21.07.2023 ലെ 160/22 നം. കത്ത് ).

നിലയത്തിന് 5 വർഷം ഗ്രാരന്റി, പാനലിന് 25 വർഷം വാറന്റി എന്നിവ കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാപിക്കുന്ന ബാറ്ററിയുടെ വാറന്റി / ഗ്യാരന്റി സംബന്ധിച്ച് പരാമർശമില്ല. കരാർ പ്രകാരം പദ്ധതി പൂർത്തികരിച്ച് 15 ദിവസങ്ങൾക്കകം ഗുണഭോക്താവിന് കൈമാറേണ്ടതും തുടർന്ന് പൂർത്തീകരണ/വിനിയോഗ സക്ഷ്യപത്രം നൽകേണ്ടതുമാണ്.

കരാർ നിബന്ധനകൾ പാലിയ്ക്കപ്പെടാത്തതിനാൽ ANERT-ന് നൽകിയ 8,41,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ടിന്റെ പൂർത്തീകരണം ഉറപ്പാക്കേണ്ടതും, ഒറിജിനൽ ഇൻവോയിസ്, പൂർത്തികരണ/വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതുമാണ്. കൂടാതെ പദ്ധതി പൂർത്തീകരണ ത്തിന് ANERT-ന്റെ പ്ലാൻ ഫണ്ടിൽ നിന്നും ലഭിക്കാൻ അർഹതയുള്ള 10% ഇൻസെന്റീവ് തുക (23.01.2023-ന് ANERT-ന് മെഡിക്കൽ ഓഫീസർ നൽകിയ അപേക്ഷ) ലഭ്യമാക്കുന്നതിന് ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണ് എന്നാണ് അറിയിച്ചത്.

തടസ്സപ്പെടുത്തിയ തുക - 8,41,000/- രൂപ

ഓഡിറ്റ് എൻക്വയറി നം – 7/14.08.2023

## 1-36 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

പദ്ധതിയിലൂടെ 2022-2023 സാമ്പത്തിക വർഷം 2375 കുടുംബങ്ങൾക്കായി തൊഴിൽ നൽകി. ആകെ സൃഷ്ടിച്ച മനുഷ്യദിനങ്ങൾ 1,03,551. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 602 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 3,52,12,271 /- രൂപയുടെ ചെലവഴിച്ചതിൽ ലൈഫ് ഭവന നിർമ്മാണം, മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും തുക വിനിയോഗിച്ചത്.

പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു .

2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

3. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും / മേറ്റുമാരിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.

5. പ്രോജക്ട് യോഗങ്ങളുടെയും, ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടില്ല.

6. നിർമ്മാണ പ്രവർത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012- ലെ (കൈ) 93/2012/ത.സ്വ.ഭവ. നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല. മെറ്റീരിയൽ സപ്ലെയർമാർ ഹാജരാക്കിയ സിമന്റ് ബില്ലുകളിൽ മാർക്കറ്റ് റേറ്റിൽ നിന്നും വളരെ കൂടിയ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (416 രൂപ/50 കിലോ ബാഗ് മുതൽ 495 രൂപ/50 കിലോ ബാഗ്). സിമന്റിന്റെ മാർക്കറ്റ് റേറ്റ് ചുമതലപ്പെട്ടവർ ഇതുവരെ നിശ്ചയിച്ചിട്ടില്ല.

7. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തലുകൾ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

9. ഉയർന്ന വരുമാനക്കാരുടെ വസ്തുക്കളിൽ തൊഴിലുറപ്പ് പ്രവൃത്തി നടത്തി – ഇവർ എല്ലാം തന്നെ ഓന്നോ, രണ്ടോ ദിവസം മാത്രമാണ് തൊഴിലിൽ ഏർപ്പെട്ടതായി രേഖയുള്ളത്.

(എ) മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ - ശ്രീമതി ജയ്മോൾ, തടത്തിൽ പറമ്പിൽ, ചെറുമുട് -വർക്ക് കോഡ്-20339- വാർഡ് 19 –. റേഷൻ കാർഡിൽ 32,260/- രൂപ പ്രതിമാസ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) ശ്രീമതി മാർഗ്രറ്റ് പി. എസ്, അനുഗ്രഹ ചെമ്മക്കാട് (മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ) വർക്ക് കോഡ്- 518980-

വാർഡ് 18-റേഷൻ കാർഡിൽ 10,000/- രൂപ പ്രതിമാസ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്.
(സി) ശ്രീമതി കെ. തിലകമ്മ, (സർവ്വീസ് പെൻഷ്ണർ) അലങ്കാർ, ചെറുമൂട് –വർക്ക് കോഡ്-542086-വാർഡ് 19- റേഷൻ കാർഡിൽ 21,115 /- രൂപ പ്രതിമാസ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്.
10. വൃക്ഷത്തെ നടീൽ പ്രോജക്ടുകളിൽ തുടർ പരിപാലന പ്രവൃത്തികൾ നടത്തുന്നില്ല.
11. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോഡിനേറ്റർ എന്നിവരുടെ ചുമതലയിൽ പെടുന്ന, പ്രവൃത്തികളുടെ പ്രാദേശിക പരിശോധനകൾ പരിമിതമാണ്.
12. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.
13. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.അപാകതകൾ പരിഹരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് മാത്രം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 23-17.08.2023

## 1-37 ലൈഫ് ഭവന പദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് വീട് വിറ്റു.

2018-19 വർഷം കരാർ വച്ച് വീട് നിർമ്മിച്ച 16-ാം വാർഡിലെ ലൈഫ് ഗുണഭോക്താവായ ശ്രീമതി ബിന്ദു സുരേഷ് വീട് വിറ്റതായി പരിശോധനയിൽ ബോധ്യപ്പെട്ടു. 16/651 നമ്പറിലുള്ള വീടിന്റെ ഉടമസ്ഥാവകാശം വാങ്ങിയ ആളിന്റെ പേരിലേക്ക് പഞ്ചായത്തിൽ നിന്നും 26-9-22 മാറ്റി നൽകി. നാലു ലക്ഷം രൂപ ലൈഫ് ഭവനപദ്ധതിയ്ക്ക് ആനുകൂല്യമായി താഴെ പറയുന്ന തീയതികളിൽ ആനുകൂല്യം കൈപ്പറ്റിയിരുന്നു.

| ഗഡു | തുക | ഫണ്ടിനം | തീയതി |
|---|---|---|---|
| 1 | 40,000/- | Plan | 2-7-2018 |
| 2 | 1,60,000/- | Loan | 09-01-2019 |
| 3 | 1,00,000/- | Loan | 25-08-2019 |
| 4 | 1,00,000/- | S.s. | ലഭ്യമല്ല |

ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കണമെന്നുള്ള പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശത്തെ തുടർന്ന് കത്ത് അയച്ചെങ്കിലും ആയത് കൈപ്പറ്റിയില്ല. ആയതിന് മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 22/17.08.23

## 1-38 ആസ്തി രജിസ്റ്റർ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അകൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കി, കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി

സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ 4.7.2022 ലെ അജണ്ട 11 തീരുമാനം 7 ൽ, ഒന്നാം വാർഡിലെ മഹാത്മജി വിലാസം ലൈബ്രറി മുതൽ പുനരധിവാസ കോളനി വടക്കേ വിള കായൽവാരം വരെയുള്ള ഗ്രാവൽ റോഡ് അളക്കുന്നതിനുള്ള തീരുമാനം, 3.08.2022 ലെ അജണ്ട 10 തീരുമാനം 1-ൽ, വെൽ ഫെയർ എൽ.പി. സ്കൂളിന് സമീപം വഴി വിട്ടു നൽകുന്നതിന് ശ്രീ. ഷെമീർ, സുനിൽ ദത്ത്, രമണി എന്നിവർ സമർപ്പിച്ച അപേക്ഷയിൻമേൽ തുടർനടപടി തീരുമാനം ,27.12.2022 ലെ തീരുമാനം രണ്ടിൽ ഓട നിർമ്മാണത്തിന് സ്ഥലം വിട്ടു നൽകുന്നതിന് ആര്യാ നിവാസിൽ ശ്രീമതി സിന്ധു നൽകിയ അപേക്ഷയിൻമേൽ തുടർനടപടി തീരുമാനം എന്നിവ കൈക്കൊണ്ടിട്ടുണ്ട്. രജിസ്ട്രേഷൻ, റവന്യൂ നടപടികൾക്ക് ശേഷം ഇവ ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-39 ഹരിതകർമസേന - പ്രവർത്തനങ്ങൾ -അവലോകനം

ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പ്രവർത്തനാവലോകനറിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ഗ്രാമപഞ്ചായത്തിൻറെ പേര്<br>വാർഡുകളുടെ എണ്ണം | : പെരിനാട് ഗ്രാമപഞ്ചായത്ത്<br>: 20 |
| 2. | ഓരോ വാർഡിലെയും കുടുംബങ്ങളുടെ എണ്ണം<br>സ്ഥാപനങ്ങളുടെ എണ്ണം<br>ആകെ ജനസംഖ്യ | 9274<br>: 809<br>33955 |
| 3. | ഹരിതകർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം<br>(വാർഡ് തല വിവരം) | : 40 |
| 4. | വാർഡുകളിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ ? | : ഉണ്ട്. |
| 5. | കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടോ ? | : ഉണ്ട്. |
| 6. | ശേഖരിക്കുന്ന മാലിന്യങ്ങൾ തരം തിരിച്ച് ക്രമീകരിക്കുകയും ക്ലീൻ കേരളയ്ക്ക് യഥാസമയം കൈമാറുകയും ചെയ്യുന്നുണ്ടോ ? | : മാലിന്യങ്ങൾ തരം തിരിച്ച് ക്രമീകരിക്കുകയും ഗ്രീൻ ടെക്ക് യ്ക്ക് യഥാസമയം കൈമാറുകയും ചെയ്യുന്നു. |
| 7. | MCF കൾ,<br>RRF കൾ ഉണ്ടോ? | MCF-1<br>: MINI MCF 20<br>RRF-1 |
| 8. | MCF കളുടെ പ്രവർത്തനം ഫലപ്രദമോ? | : ആണ് |
| 9. | ബെയിലിംഗ്, ഷ്രഡിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ? | : ഉണ്ട്. |
| 10. | ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനത്തിൽ പരിമിതികൾ ഉണ്ടോ?<br>പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ? | : എല്ലാ വാർഡിലും രണ്ട് പേർ വീതം ഇല്ലായിരുന്നു. ഇപ്പോൾ രണ്ടു പേർ വീതം ആക്കി. ക്ലസ്റ്റർ രീതിയിൽ വാർഡുകളിൽ ഇറങ്ങി തുടങ്ങി. |
| 11. | ഹരിതകർമ്മ സേനാംഗങ്ങളുടെ മാസ വരുമാനം ?<br>വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നുണ്ടോ ? | : 10000/-<br>ഇല്ല |
| 12. | ഹരിതകർമ്മസേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ ആധികാരിക കലണ്ടർ പ്രകാരം നടക്കുന്നുണ്ടോ ?<br>മോണിട്ടറിംഗ് സംവിധാനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ നടത്തുക. | : ആധികാരിക കലണ്ടർ പ്രകാരം പ്രവർത്തനം നടക്കുന്നുണ്ട്.<br>എല്ലാ മാസവും പഞ്ചായത്ത് തല റിവ്യൂ മീറ്റിംഗ് നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| 13. | ഹരിതകർമ്മസേനയുടെ വരുമാന വർദ്ധനവിനായി സ്വീകരിച്ച നടപടികൾ ?<br>(Eg: ജൈവ മാലിന്യങ്ങൾ ഉപയുക്തമാക്കി ജൈവവളം ഉല്പാദിപ്പിക്കുന്ന സംരംഭങ്ങൾ) : | : | എല്ലാ ആശ്രയ കുടുംബങ്ങളുടെയും യുസർഫീ പഞ്ചായത്ത് പ്രോജക്റ്റ് വച്ച് നൽകും<br>നാലു യൂണിറ്റുകൾ ഉണ്ടായിരുന്നുവെങ്കിലും നിലവിൽ പ്രവർത്തനമില്ല. |
| 14. | ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്താൻ കൈക്കൊണ്ട നടപടികൾ | : | ഉണ്ട്. |
| 15. | നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ ഉപയോഗം / പൊതുനിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ - സ്വീകരിച്ച നടപടികൾ | : | ഇതിനായി മാത്രം ഒരു ജെ.എച്ച്.ഐ.യെ നിയമിച്ചിട്ടുണ്ട്. മാലിന്യങ്ങൾ തള്ളുന്നത് തടയാൻ നിരീക്ഷണ ക്യമാറ സ്ഥാപിച്ചിട്ടുണ്ട്. |
| 16. | ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് നൽകിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ( വാഹനങ്ങൾ, ഡ്രൈവിംഗ് പരിശീലനം, ഓഫീസ് സൗകര്യങ്ങൾ തുടങ്ങിയവ) എന്തൊക്കെ ? | : | ഒരു ഇലക്ട്രിക് പിക് അപ് ഉൾപ്പെടെ രണ്ടു വാഹനങ്ങൾ , ഓഫീസ് സൗകര്യങ്ങൾ , യുണിഫോമുകൾ , സുരക്ഷാ ഉപകരണങ്ങൾ , ഡ്രൈവിംഗ് പരിശീലനത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. |

ഗ്രാമപഞ്ചായത്തിൽ 20 വാർഡുകളിലായി 9274 കുടുംബങ്ങളും 809 സ്ഥാപനങ്ങളുമുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ആകെ ജനസംഖ്യ 33955 (2011 കാനേഷുമാരി വിവരങ്ങൾ). ഗ്രാമപഞ്ചായത്തിൽ നിലവിൽ 20 വാർഡുകളിലായി, ഓരോ വാർഡിലും 2 ഹരിതകർമ്മസേനാംഗങ്ങൾ വീതം, 40 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന, വാർഡുകളിലെ എല്ലാ ഭവനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും 15 മുതൽ 30 വരെയുള്ള തീയതികളിൽ നിശ്ചിത കലണ്ടർ പ്രകാരം, കുപ്പിച്ചില്ലൊഴികെയുള്ള എല്ലാ അജൈവ മാലിന്യങ്ങളുടേയും ശേഖരണം നടത്തിവരുന്നു. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് GREEN TEC ഏജൻസിക്കാണ് കൈമാറുന്നത്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കപ്പെടുന്നു. ഇതിനായി ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (അസി. സെക്രട്ടറി), നിർവ്വഹണ ഉദ്യോഗസ്ഥൻ(VEO),ഹരിത സഹായ സ്ഥാപന പ്രതിനിധി, എന്നിവരടങ്ങുന്ന സമിതി പ്രവർത്തിക്കുന്നു. കൃത്യമായ ഇടവേളകളിൽ പരിശോധന, ബോധവൽക്കരണം, പിഴ ചുമത്തൽ എന്നീപ്രവർത്തനങ്ങളും നടത്തിവരുന്നു. 2022-23 വർഷത്തിൽ 11 പേർക്ക് ചട്ടലംഘനത്തിന് വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും 25000/- ആകെ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് വാങ്ങി നൽകി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും ക്യു ആർ കോഡ് പതിച്ച് യൂസർഫീ കളക്റ്റ് ചെയ്യുന്നു. എല്ലാ വാർഡുകളിലും മിനി എം സി എഫ്, സേനാംഗങ്ങൾക്ക് യൂണിഫോം, തൊപ്പി, ഗ്ലൗസ്, ഗംബൂട്ട്, തിരിച്ചറിയൽ കാർഡ്, വാഹന സൗകര്യങ്ങൾ എന്നിവ നൽകുന്നുണ്ട്.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഹരിതകർമ്മസേനയുടെ പ്രധാന്യത്തെക്കുറിച്ചും പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സാധ്യമായിട്ടുണ്ട്. മൈക്ക് അനൗൺസ്മെൻറും വാർഡ് തലത്തിൽ ബോധവൽക്കരണവും നടത്തി. പഞ്ചായത്തിലെ വിവിധ സേവനങ്ങൾ നൽകുന്നതിന് ഗ്രീൻകാർഡ് നിർബന്ധമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്ത് ഘട്ടം ഘട്ടമായി പ്രാവർത്തികമാക്കി വരുന്നു.മാലിന്യമുക്തമാക്കുന്നതിൻറെ ഭാഗമായി പഞ്ചായത്ത് തലത്തിൽ പൊതുജനങ്ങൾക്കുള്ള സേവനം ഒരു ഹെൽപ്ഡെസ്ക് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

| ഹരിതകർമ്മസേന വരവ് - ചെലവ് കണക്ക് | | | | |
|---|---|---|---|---|
| 2022-2023 | | | | |
| മാസം | യൂസർ ഫീ | നൽകിയ വേതനം | ശേഖരിച്ച മാലിന്യത്തിൻറ അളവ് (Kg) | കൈമാറിയ മാലിന്യത്തിൻറ അളവ് (Kg) |
| ഏപ്രിൽ | 226850 | 180085 | 5000 | 4857 |
| മെയ് | 280650/- | 177565 | 4000 | 3424.85 |

| | | | | |
|---|---|---|---|---|
| ജൂൺ | 147950 | 189550 | 5000 | 4603.5 |
| ജൂലൈ | 178600 | 206976 | 5000 | 4247 |
| ആഗസ്റ്റ് | 194150 | 220935 | 5000 | 4256 |
| സെപ്റ്റംബർ | 202550 | 223407 | 4000 | 3796 |
| ഒക്ടോബർ | 187750 | 211665 | 4000 | 3953 |
| നവംബര് | 179100 | 209160 | 5000 | 4347 |
| ഡിസംബർ | 187100 | 207390 | 4000 | 3755 |
| ജനവരി | 215300 | 243616 | 5000 | 4733 |
| ഫെബ്രുവരി | 201600 | 218404 | 4000 | 3520 |
| മാർച്ച് | 232500 | 254100 | 4000 | 3815.99 |
| | | | | |

**** നിർദ്ദേശങ്ങൾ ****

1. വ്യാപാര, വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യത്തിന്റെ അളവിനനുസൃതമായി ഹരിതമിത്രം ആപ്പിൽ വ്യത്യസ്ത നിരക്കിൽ യൂസർഫീ ഈടാക്കിന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

2. പഞ്ചായത്തിൽ നിലവിൽ ഒരു ഷ്രഡിംഗ് യൂണിറ്റും, ബെയ്ലിംഗ് യൂണിറ്റും ആണ് സ്ഥാപിച്ചിട്ടുള്ളത്. ഇവ പ്രവർത്തനസജ്ജമാക്കുന്നതിനൊപ്പം, മിനി പേപ്പർ ഷ്രെഡിംഗ് യൂണിറ്റ് കൂടി സ്ഥാപിക്കാവുന്നതാണ്.

3. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.

5. ജൈവമാലിന്യങ്ങൾ വളമാക്കി വിതരണം ചെയ്യാവുന്നവിധം സംവിധാനങ്ങൾ നടപ്പാക്കാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അനുപൂരക പോഷകാഹാര പദ്ധതി - കയറ്റിറക്കുകൂലി അധികം നൽകി

| ക്രമ നമ്പർ | ബിൽ നമ്പർ, തുക | ഇൻവോയ്സ് നമ്പർ, തീയതി | വാങ്ങിയ സാധനങ്ങൾ | നൽകിയ കയറ്റിറക്കുകൂലി | അനുവദനീയമായ കയറ്റിറക്കുകൂലി | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | 19089 | 0201207/22868 /31-8-22 | ഗോതമ്പ് – 1340KG<br>ശർക്കര – 670KG (Aug, Sep, AG Food) | 3350X2.45= 8207.5 | 2010X2.45= 4924.5 | 3283/- |
| 2 | 19791 | 846/17-11-22 | THRS NOVEMBER 1635KG | 1667X2.45= 4084 | 1635X2.45= 4006 | 78/- |
| 3 | 12179/- ചെക്ക് നം. 959896 28-3-23 Central | 878/20-1-23 കേന്ദ്രവിഹിതം 23983/- (ചെക്ക് നം. 957144/6.3.23) | THRS JAN 1611KG<br>1400kg WBNP RICE | 1611x2.45= 3947<br>1400X2.45= 3430 | 0<br>1500X2.45= 3675/- 1500KG എന്ന് | 3947/-<br>245/- |

| | | | | | | |
|---|---|---|---|---|---|---|
| | Share | രൂപയുടെ ബില്ലിനൊപ്പം കയറ്റിറക്ക കൂലി നൽകിയതിനാൽ വീണ്ടും 959896/28.3.23 പ്രകാരം നൽകി 0201109/221369 13-3-23 | | | വൌച്ചറിൽ രേഖപ്പെടുത്തി നൽകി. | |
| | ആകെ അധികം നൽകിയ തുക | | | | | 7553/- |

തുക അധികം നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അനുപൂരകപോഷകാഹാര വിതരണത്തിനുള്ള കയറ്റിറക്കുകൂലി അധികം കൊടുത്തത് ബോധ്യപ്പെട്ടുകിലും നിലവിലും ജോതിഷ് ബാബു തന്നെ കയറ്റിറക്ക ജോലി ചെയ്യുന്നതിനാൽ ആഗസ്റ്റ് മാസത്തെ കയറ്റിറക്ക ജോലികളുള്ള കൂലി നൽകുന്ന ബില്ലിൽ നിന്നും ഈ തുക കുറവ് വരുത്തുന്നതാണെന്നും അറിയിച്ചു. ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 7553/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. തുക തിരികെ ഈടാക്കാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 20/17-8-23

നിരാകരിച്ച തുക – 7553/- രൂപ

3-2 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല

കരാറുകാർ, പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges (P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. എന്നാൽ ചുവടെ രേഖപ്പെടുത്തിയ പ്രവൃത്തികളുടെ അന്തിമ ബില്ലുകളിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശം ചുവടെ പറയുന്നു.

1. പ്രോജക്റ്റ് നം. 50/23 – വെള്ളിമൺ യു.പി.എസ്. ഇടക്കര റോഡ് റീടാറിംഗ് വാർഡ് 20
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി
അടങ്കൽ തുക - 2,18,000/ രൂപ (മെയിന്റനൻസ് ഫണ്ട് റോഡ് )
ചെലവ് തുക – 2,17,678/- രൂപ
കരാറുകാരൻ - ശ്രീ. ജയകുമാർ എ, കൊച്ചുവിള വീട്, വെള്ളിമൺ
എഗ്രീഡ് പി.എ.സി. -2,94,454/ രൂപ (ടെണ്ടർ എക്സസ്)
എഗ്രിമെന്റ്നം. 36/AE/എൽ.എസ്.ജി.ഡി/പി.എൻ.ഡി. /21-22/ 08.03.2022
ടി.എസ്.നം. 63513/20-21 തീ.06.09.20
എം.ബുക്ക് നം. 3/22-23
ബിൽ നം. 6/26.12.22
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം -4 മാസം
സൈറ്റ് കൈമാറിയ തീയതി : 08.03.2022
പ്രവൃത്തി ആരംഭിച്ച തീയതി : 08.03.2022
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 28.12.2022
വൈകിയ കാലയളവ് : 144 ദിവസങ്ങൾ

ഈടാക്കേണ്ട ഫൈൻ : 6,057/-രൂപ (2,94,454/- രൂപ X.1%= 294.45/7 X 144 ദിവസം )

കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ഫൈൻ ഈടാക്കാത്തതിനു വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ശക്തമായ മഴ മൂലമാണ് പ്രവൃത്തി നടത്തുന്നതിന് താമസിച്ചത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന് ഉപോൽബലകമായ നിശ്ചിത ഫാറത്തിൽ കരാറുകാരൻ സമർപ്പിച്ച അപേക്ഷ ,ആയത് ശിപാർശ ചെയ്ത അസി.എൻജിനീയറുടെ റിപ്പോർട്ട് ,ചുമതലയുള്ള അസി. എക്സിക്യൂട്ടീവ് എൻജിനീയറുടെ അംഗീകാരം എന്നിവ ഹാജരാക്കാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

2. പ്രോജക്ട് നം. 67/23 – പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സൈൻ ബോർഡ് സ്ഥാപിക്കൽ

കരാറുകാരൻ - ശ്രീ. ബിബിൻ ബേബി

എഗ്രിമെന്റ്നം. 29/AE/എൽ.എസ്.ജി.ഡി/പി.എൻ.ഡി. /21-22/ 28.02.2022

ടി.എസ്.നം. 65243/21-22 തീ.18.12.2021

എം.ബുക്ക് നം. 8/22-23

ബിൽ നം. 6/26.12.22

എഗ്രീഡ് പി.എ.സി.-84,027/-രൂപ

പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം -6 മാസം

സൈറ്റ് കൈമാറിയ തീയതി : 28.02.2022

പ്രവൃത്തി ആരംഭിച്ച തീയതി : 28.02.2022

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 10.1.2023

വൈകിയ കാലയളവ് : 136 ദിവസങ്ങൾ

ഈടാക്കേണ്ട ഫൈൻ : 1,632/-രൂപ (84027.97/-രൂപ X.1%=84.02 /7 X 136 ദിവസം )

കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ഫൈൻ ഈടാക്കാത്തതിനു വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

മേൽ രണ്ട് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ആകെ ഈടാക്കേണ്ട തുകയായ 7,689/- രൂപ (6,057+1,632 ) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 8/14.08.2023 , 24/17.08.202

നഷ്ടം – 7,689/- രൂപ

### 3-3 വൃദ്ധർക്ക് കണ്ണട - നടപ്പിലാക്കാൻ അനുവാദമില്ലാത്ത പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

വയോജനസൗഹൃദപരിപാടിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത ഇനമായ വയോജനങ്ങൾക്ക് കണ്ണട എന്ന പദ്ധതി ICDS സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 92/23 | 93/23 |
| പ്രോജക്ട് | വയോജനങ്ങൾക്ക് കണ്ണട SO | വയോജനങ്ങൾക്ക് കണ്ണടSO |
| അടങ്കൽ | 58000/- | 20,000/- |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ | വികസനഫണ്ട് എസ്.സി.പി. |
| ചെലവ് | 57960/- | 17,200/- |
| ബിൽ നമ്പർ | 79/28-3-23-31500/-<br>86/28-2-23-26460/- | 60/21-3-23-14800/-<br>85/31-3-23-2400/- |

സർക്കാർ ഉത്തരവ് 22/2018/തസ്വഭവ, തിരുവനന്തപുരം തീയതി 14-02-2018 ഖണ്ഡിക 7-1-13 പ്രകാരം വയോജനസൗഹൃദപരിപാടിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത ഇനമായ വയോജനങ്ങൾക്ക് കണ്ണട എന്ന പദ്ധതി നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ പ്രോജക്ട് 2020-21 വർഷം ആവിഷ്കരിച്ചതാണെന്നും പ്രോജക്ട് നടത്തുന്നതിന് അനുവാദമില്ലാത്തതിനെ തുടർന്ന് കത്ത് നൽകിയിരുന്നുവെങ്കിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തെ

തുടർന്നാണ് ഈ പദ്ധതി നടപ്പിലാക്കിയത് എന്നും അറിയിച്ചു. എന്നാൽ കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമല്ലാത്ത പരിപാടി കമ്മിറ്റി തീരുമാനപ്രകാരം നടത്തി എന്ന മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 75160/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

അപാകതകൾ പരിഹരിച്ച് കൃത്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 5/14-8-23

നിരാകരിച്ച തുക - 75,160/- രൂപ

### 3-4 ഇൻകം ടാക്സ് ഇനത്തിൽ അധികം തുക ഒടുക്കി

പ്രവൃത്തിയുടെ ബില്ലിൽ കുറവ് ചെയ്യാത്ത ഇൻകം ടാക്സ് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയതുമൂലം 735/- രൂപാ നഷ്ടമായി. പ്രോജക്ട് നമ്പർ 35/23 പ്രകാരമുള്ള ബിൽ തുകയിൽ ഇൻകംടാക്സ് കിഴിക്കാതെയുള്ള തുകയായ 73,494/- രൂപാ കരാറുകാരനു നൽകിയിരുന്നു (ഹരിത സഹായ സ്ഥാപനങ്ങൾക്ക് തുക നൽകൽ 35/23, സാങ്ഷൻ ഓർഡർ -100/10.06.22, ഗ്രോസ്സ് – 73,494). എന്നാൽ 6-7-2022 തീയതിയിലെ 22200403 നമ്പർ വൗച്ചർ പ്രകാരം ഇൻകം ടാക്സ് എന്ന് രേഖപ്പെടുത്തി 735/- രൂപ പിൻവലിച്ച് ഒടുക്കിയിട്ടുണ്ട് (ചെക്ക് നമ്പർ24123/6-7-23) ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രകാരം ചെലവഴിച്ച 735/- രൂപായുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക – 735/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ – 28/17.08.2023

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 16/8/23, 17/8/23 | കെ.എസ്.എ.കെ.എൽ.എം.പി.4/1544/23 / 25.09.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 99990 | പ്രോജക്ട് നമ്പർ-46 പാലിയേറ്റീവ് കെയർ | 99990 | 0 |
| ” | “ | 600000 | പ്രോജക്ട് നമ്പർ ലൈഫ് വസ്തു വാങ്ങൽ – ജനറൽ | 600000 | 0 |
| ” | ” | 52426 | പ്രോജക്ട് നമ്പർ -98 ലൈഫ്മിഷൻ ഭവനപദ്ധതി ജനറൽ | 52426 | 0 |
| ” | ” | 114285 | പ്രോജക്ട് നമ്പർ 20 അംഗൻവാടി പോഷകാഹാരം | 114285 | 0 |
| ” | ” | 100000 | പ്രോജക്ട് നമ്പർ 193 ഭിന്നശേഷി | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| | | 257838 | പ്രോജക്റ്റ് നമ്പർ 209 പാലിന് സബ്സിഡി | 257838 | |
| | | 4911038 | പ്രോജക്റ്റ് നമ്പർ -18 ബി.ആർ.സി പ്രവർത്തനം | 4911038 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 740000 | പ്രോജക്റ്റ് നമ്പർ 98 ലൈഫ് ഭവനം – ജനറൽ | 740000 | 0 |
| " | " | 250000 | പ്രോജക്റ്റ് നമ്പർ 95 ലൈഫ് ഭവനം –എസ്.സി | 250000 | 0 |
| " | " | 43407 | പ്രോജക്റ്റ് നമ്പർ 20 അംഗൻവാടി അനുപൂരക പോഷകാഹാരം | 43407 | 0 |
| " | " | 120000 | പ്രോജക്റ്റ്നം-193 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 120000 | 0 |
| " | " | 120000 | പ്രോജക്റ്റ് നമ്പർ 209 പാലിന് സബ്സിഡി | 120000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | കുഴൽകിണർ നിർമ്മാണം | 47/10-5-22, 101/10-6-22 | 1053142/-, 60000/- | 964899/-, 60000/- | 88243/-, 0/- |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | | 200000/- | 60264/- | 139736/- |
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 623/15-3-23 | 50000/- | 47409/- | 2591/- |
| വാട്ടർ അതോറിറ്റി | ജലജീവൻമിഷൻ | XVFC/22-23 /p/117 | 858000/- | 280000/- | 578000/- |
| വാട്ടർ അതോറിറ്റി | പമ്പ്സെറ്റ് സ്ഥാപിക്കൽ | 371/14-12-22 | 670000/- | 0 | 670000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6060000/- രൂപ വരവുണ്ട്. മുൻബാക്കി 491406/- രൂപയടക്കം 6551406/- രൂപയിൽ 2541234/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 6060000/- | 16055406/- | 3646860/- | | 18468546/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 540846/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2020-21 | 3-2 | 530718/- | ശ്രീമതി. അഞ്ജന (കൃഷിഓഫീസർ) | 4210144/31.3.23 |
| 2020-21 | 3-5 | 3425/- | ശ്രീമതി. അഞ്ജന (കൃഷിഓഫീസർ) | 1220103988/24.12.22 |
| 2020-21 | 1-30 | 1703/- | അൻഷർ, കോൺട്രാക്ടർ | 1220102598/13.10.22 |
| 2018-19 | - | 5000/- | ചെറുപുഷ്പം, എച്ച്.എം. | 1220100401/29.4.22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| .2001-02 | 3-15 | 2006-07 | 3.17.1 | ഖാദി വ്യവസായസഹകരണ സംഘത്തിന് തുക അനുവദിച്ചത് | കേസ് നിലനിൽക്കുന്നു |
| 2003-04 | 3-18, 3-20, 3-22 | 2007-8 | 3(6)(2), 3(7)(1) | റോഡ് നിർമ്മാണം അധികം തുക നൽകിയത് (3-18, 3-20) കോളനി പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണം പ്രോജക്ട് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-2, 2-3, 2-4 | 2016-17 | അനുബന്ധം | തൊഴിൽനികുതി പൂർണമായും പിരിച്ചെടുക്കാത്തത് | നിയമസഭാസമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2019-20 | 1.7.2, 1.7.3, 1.7.4 | 2020-21 | | മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ അനുവദിച്ചു | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| .2019-20 | 1-15 | 2020-21 | | കെ.എം.സി.എൽ മരുന്ന് വിതരണം ചെയ്തില്ല | നിയമസഭാസമിതിയുടെ പരിഗണനയിൽ |

4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 7553/- | ശ്രീമതി നിത്യ നാഥ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-2 | | 7689/- | ശ്രീ. രാജേന്ദ്രൻ, അസി. എഞ്ചിനീയർ |
| 3-3 | | 75160/- | ശ്രീമതി നിത്യ നാഥ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-4 | | 735/- | ശ്രീ. ബാബുരാജ്. എ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 62618/- | ശ്രീമതി സരിത കൊലാരത്ത് (മെഡിക്കൽ ഓഫീസർ,ഹോമിയോ) |
| 1-15 | 20850/- | ശ്രീമതി സാൻട്രിയ വാഷിംഗ്ടൺ (വെറ്ററിനറി സർജൻ) |
| 1-16 | 90000/- | ശ്രീമതി ബിന്ദു. ആർ (വെറ്ററിനറി സർജൻ) |
| 1-18 | 82739/- | ശ്രീ ബാബുരാജ്. എ (സെക്രട്ടറി) |
| 1-22 | 1270000/- | ശ്രീ ബാബുരാജ്. എ (സെക്രട്ടറി) |
| 1-23 | 335271/- | ശ്രീ ബാബുരാജ്. എ (സെക്രട്ടറി) |
| 1-24 | 192727/- | ശ്രീ ബാബുരാജ്. എ (സെക്രട്ടറി) |
| 1-28 | 112500/- | ശ്രീമതി അജിതാ. എം. ജി(വി.ഇ.ഒ) |
| 1-29 | 665653/- | ശ്രീ ഹരികൃഷ്ണൻ (മെഡിക്കൽ ഓഫീസർ പി.എച്ച്.സി) |
| 1-32 | 1800/- | ശ്രീ ബാബുരാജ്. എ (സെക്രട്ടറി) |
| 1-33 | 40000/- | ശ്രീ ഹരികൃഷ്ണൻ (മെഡിക്കൽ ഓഫീസർ പി.എച്ച്.സി) |
| 1-35 | 841000/- | ശ്രീ ജുന (മെഡിക്കൽ ഓഫീസർ പി.എച്ച്.സി) |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി നിത്യനാഥ്<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>പെരിനാട് ഗ്രാമപഞ്ചായത്ത് | അമൃത, മന്നംനഗർ,<br>തിരുവല്ലം പി.ഒ, ടി.വി.എം-27. |
| ശ്രീ ബാബുരാജ്<br>സെക്രട്ടറി | റിട്ട. | നികേതം, പെരുമ്പുഴ. പി. ഒ,<br>കൊല്ലം. |
| ശ്രീ ജൂന<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | എസ്. എൻ. പുരം, പി.എച്ച്.സി<br>തൃശ്ശൂർ | ആകാശ്ദീപ്, ഓയൂർ,<br>കൊല്ലം. |
| ശ്രീമതി സരിത കൊളാരിത്ത്<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | കാഞ്ഞിരംകുളം ഹോമിയോ | നമ്പർ-7, പേൾഗാർഡൻ, പൂജപ്പുര<br>പി.ഒ<br>കമലം, ടി.വി.എം. |
| ശ്രീമതി സാൻട്രിയ വാഷിംഗ്ടൺ<br>വെറ്റിനറി സർജൻ | റിട്ട. | അജയഭവനം, കേരളപുരം,<br>വെള്ളിമൺ പി.ഒ, /<br>സോപാനം, കട്ടയിൽ,<br>ഓടനാവട്ടം പി.ഒ. |
| ശ്രീ ഹരികൃഷ്ണൻ<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | വിദേശം | സോപാനം, ചെറുമൂട്,<br>വെള്ളിമൺ പി.ഒ. |
| ശ്രീമതി അജിതാ. എം. ജി<br>(വി.ഇ.ഒ) | മുഖത്തലബ്ലോക്ക് പഞ്ചായത്ത് | ചൈത്രം, കുറ്റിച്ചിറ,<br>കല്ലുംതാഴം പി.ഒ. |
| ശ്രീമതി ബിന്ദു. ആർ<br>(വെറ്റിനറി സർജൻ) | വെറ്റിനറി സർജൻ,<br>കുണ്ടറ ഗ്രാമപഞ്ചായത്ത് | സോപാനം, കാട്ടയിൽ,<br>ഓടനാവട്ടം പി.ഒ. |
| ശ്രീ. രാജേന്ദ്രൻ,<br>അസി. എഞ്ചിനീയർ | റിട്ട. | ചരുവിള തെക്കതിൽ,<br>കൊച്ചാഞ്ഞിലിമൂട്,<br>എഴുകോൺ, കൊല്ലം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി4/441(1)/18 /6-4-18 | 2 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി4/441(2)/18 /6-4-18 | 1 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി4/441(3)/18 /5-4-18 | 2 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി4/441(5)/18 /5-4-18 | 5 |
| 2002-03 | എൽ.എഫ്.ക്യു.പി2/1366/ 2014/23.06.2014 | 6 |
| 2003-04 | എൽ.എഫ്.ക്യു.പി2/1366/ 2014/23.06.2014 | 19 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി4/441(6)/18 /6-4-18 | 3 |
| 2005-06 | എൽ.എഫ്.ക്യു.പി2/1366/ 2014/23.06.2014 | 25 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി4/780(1)/19, 07.06.19 | 16 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി4/780(2)/19, 07.06.19 | 6 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി4/780(3)/19, 07.06.19 | 6 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി4/780(4)/19, 07.06.19 | 4 |
| 2010-11<br>2011-12 | കെ.എസ്.എ.കെ.എൽ.എം.പി4/779/അദാലത്ത്/ 2010-11,11-12/22, 20.08.22 | 6 |
| 2012-13 | കെ.എസ്.എ.കെ.എൽ.എം.പി4/779/അദാലത്ത്/ 2012-13/22, 20.08.22 | 5 |
| 2013-14&14-15 | കെ.എസ്.എ.കെ.എൽ.എം.പി4/779/അദാലത്ത്/ 2013-14,14-15/22, 20.08.22 | 15 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി4/779/അദാലത്ത്/ 2015-16/22, 20.08.22 | 5 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.4-778/22/20-6-23 | 8 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.4-777/22/ | 8 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.4-981(1)/19/10-8-20 | 16 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.4-767/21/ 4.07.21 | 18 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി.4-1335/2022,29.07.22 | 23 |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി.4-261/2023 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 06-07-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Perinad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Perinad Grama Panchayat for the year 2022-2023

Date: 16/10/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Perinad Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

The following mandatory financial statements prescribed in accounting rules are not submitted for audit

1. Comments relating to Ratios
2. Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalent
3. Amount not paid from treasury has not been excluded from web saankhya ACR
4. demand entries are not timely recorded
5. there is no reconciliation between ledger balance and corresponding registers
6. withdrawal without entry in bankbook
7. GO Progect expenditure amount of Rs. 295650/-(project no-179/22) is not included in sulekha statement

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

അനുബന്ധം-3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്